## അനൗദ്യോഗികാംഗങ്ങളുടെ കാര്യം
## റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

ഭക്ഷ്യധാന്യവിഹിതം പുന:സ്ഥാപിക്കൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: "1964 മുതൽ കേരളത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ 1992-നുശേഷം കേന്ദ്രം ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. അരിയും ഗോതമ്പും അടക്കമുള്ള ഭക്ഷ്യധാന്യങ്ങൾ ആളോഹരി അടിസ്ഥാനത്തിൽ ലഭിച്ചിരുന്ന സ്ഥാനത്ത് ലക്ഷ്യ കേന്ദ്രീകൃത റേഷനിംഗ് നടപ്പാക്കിയപ്പോൾ കേരളത്തിന് അർഹമായ ഭക്ഷ്യധാന്യ വിഹിതം കേന്ദ്രം വീണ്ടും വെട്ടിക്കുറച്ചു. 2006 വരെ പ്രതിവർഷം 13.92 ലക്ഷം ടൺ അരി അനുവദിച്ചിരുന്ന സ്ഥാനത്ത് കേന്ദ്രം അത് അനുക്രമമായി വെട്ടിക്കുറച്ച് ഇപ്പോൾ പ്രതിമാസം 36000 ടൺ മാത്രമാണ് അനുവദിക്കുന്നത്. സംസ്ഥാനത്തിന് പ്രതിവർഷം 42 ലക്ഷം ടൺ അരി ആവശ്യമുണ്ട്. എന്നാൽ ഇവിടെ

ഉൽപാദിപ്പിക്കുന്ന അരി രണ്ട് മാസത്തേയ്ക്കുപോലും തികയുന്നില്ല. കേരള ത്തിന് നൽകിവന്നിരുന്ന ഭക്ഷ്യധാന്യവിഹിതം പുന:സ്ഥാപിച്ചാൽ മാത്രമേ ഈ പ്രതിസന്ധി പരിഹരിക്കാനാവൂ. അതീവ ഗുരുതരമായ ഭക്ഷ്യക്ഷാമവും വിലക്കയറ്റവുംമൂലം ജനജീവിതം ദു:സ്സഹമായിരിക്കുന്ന സാഹചര്യത്തിൽ, ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി പണമായി ബാങ്ക്വഴി വിതരണം ചെയ്യാ നുള്ള തീരുമാനം കൂടി വരുന്നതോടെ ഭക്ഷ്യധാന്യ വില ഇനിയും ഉയരാൻ ഇടയാവുന്നതാണ്. ആയതിനാൽ 2005 വരെ കേരളത്തിന് ലഭിച്ചിരുന്ന 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യ വിഹിതം അടിയന്തിരമായി പുന:സ്ഥാപിക്കണ മെന്നും ഭക്ഷ്യധാന്യത്തിനുള്ള സബ്സിഡി പണമായി ബാങ്കുവഴി വിതരണം ചെയ്യാനുള്ള തീരുമാനം പിൻവലിക്കണമെന്നും ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി.എസ്. സുനിൽ കുമാർ: 1964 മുതൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായംവഴി കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻവിഹിതം കഴിഞ്ഞ കുറെക്കാലങ്ങളായി വെട്ടിക്കുറച്ച് ഇപ്പോൾ പ്രതിമാസം 36000 ടൺ മാത്രമായി കുറഞ്ഞിരിക്കുകയാണ്. 2006 വരെ കേരളത്തിന് പ്രതിവർഷം 13.92 ലക്ഷം ടൺ അരി കേന്ദ്ര ഗവൺമെന്റ് വിഹിതമായി നൽകിയിരുന്നതാ ണ്. അതിന് ശേഷം ഓരോ സന്ദർഭങ്ങളിലായി നടത്തിയ വെട്ടിക്കുറവിന്റെ ഫലമായി അത് പ്രതിമാസം 36000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. സംസ്ഥാ നത്ത് ഇന്ന് പൊതുമാർക്കറ്റിൽ അരിയുടെ വില 45-ഉം 50-ഉം രൂപയിലേയ്ക്ക് കുതിക്കുകയാണ്. അരിയുടെ വില കുറയ്ക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമ

ങ്ങളും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാർക്കറ്റിൽ ഇടപെടാനുള്ള സർക്കാരിന്റെ സംവിധാനങ്ങളെല്ലാം തകരാറിലായതിനു കാരണം കേരളത്തിലെ പൊതുവിതരണ രംഗത്തിലുണ്ടായിരിക്കുന്ന തകർച്ചയാണ്. ഏകദേശം 14500-ഓളം റേഷൻ കടകളും 1310 സപ്ലൈകോ വിൽപ്പന ശാലകളും 1672 എ.ആർ.ഡി.ശബരി സ്റ്റോറുകളും 46 സൂപ്പർ മാർക്കറ്റുകളും അതിന് പുറമേ സഹകരണ ഡിപ്പാർട്ട്മെന്റ് നീതി സ്റ്റോറുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. പക്ഷേ ഈ സംവിധാനങ്ങളെല്ലാം ഇപ്പോൾ തകരാറിലായിരിക്കുകയാണ്. 1997 മുതലാണ് സാർവത്രികമായ പൊതുവിതരണ സമ്പ്രദായം കേന്ദ്ര ഗവൺമെന്റ് ഉപേക്ഷിച്ചത്. സംസ്ഥാനത്തിന് 1964 മുതൽ ആളോഹരി അടിസ്ഥാനത്തിലുള്ള റേഷൻ വിഹിതം ലഭിച്ചുകൊണ്ടിരുന്നതാണ്. ഏകദേശം 9 കിലോ അരി പ്രായപൂർത്തിയായവർക്കും 5 കിലോ അരി കുട്ടികൾക്കും എന്ന നിലയിൽ ആളോഹരി അടിസ്ഥാനത്തിൽ റേഷൻ കാർഡിലുൾപ്പെട്ട അംഗങ്ങൾക്കെല്ലാം വിഹിതം ലഭിക്കുന്ന സംവിധാനം മാറ്റി കേന്ദ്ര ഗവൺമെന്റ് ലക്ഷ്യ കേന്ദ്രീകൃതമായ ഒരു റേഷനിംഗ് സമ്പ്രദായം ആരംഭിക്കുകയാണുണ്ടായത്. അത് സാമ്പത്തികനയത്തിന്റെ ഫലമായി സംഭവിച്ച കാര്യമാണ്. അതിനൊരു നയത്തിന്റെകൂടി പിൻബലമുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്ന കാര്യത്തിലും വെട്ടിക്കുറവ് വരുത്തുകയുണ്ടായി.

1997 മുതലുള്ള കണക്കെടുത്ത് പരിശോധിച്ചാൽ ഇന്ത്യയിൽ ഉൽപ്പാദിപ്പിച്ച ഭക്ഷ്യധാന്യങ്ങളുടെ 50 ശതമാനത്തിലധികം ഭക്ഷ്യധാന്യം സംഭരിച്ചിരുന്ന കേന്ദ്ര ഗവൺമെന്റ് 2012 ആകുമ്പോൾ 11 ശതമാനമായി കുറയുയ്ക്കുകയുണ്ടായി. ഭക്ഷ്യധാന്യത്തിന്റെ സംഭരണം മാത്രമല്ല ഭക്ഷ്യധാന്യത്തിന്റെ വിതര

ണത്തിന്റെ കാര്യത്തിലും എഫ്.സി.ഐ. ഗണ്യമായ തോതിൽ വെട്ടിക്കുറവ് വരുത്തി. ലക്ഷ്യ കേന്ദ്രീകൃതമായ റേഷൻ സമ്പ്രദായം നടപ്പാക്കിയതിന്റെ ഏറ്റവും വലിയ തിക്തഫലം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് കേരള മാണ്. കേരളത്തിലെ ജനങ്ങൾക്ക് അർഹതപ്പെട്ട അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയിട്ടുള്ള പ്രധാനപ്പെട്ട ഭക്ഷ്യധാന്യങ്ങളും അതുപോലെ ബന്ധപ്പെട്ട സാധനങ്ങളെല്ലാം കേന്ദ്രഗവൺമെന്റ് നൽകികൊണ്ടിരുന്നത് ഗണ്യമായി വെട്ടിക്കുറയ്ക്കുകയുണ്ടായി. 1964-ലെ കണക്കുപ്രകാരം ആദ്യത്തെ പഞ്ചവത്സര പദ്ധതി വരുന്ന സമയത്ത് കേരളത്തിലുണ്ടായിരുന്ന നെൽവയലിന്റെ വിസ്തൃതി 12 ലക്ഷം ഹെക്ടർ ആയിരുന്നു. അവസാനത്തെ കണക്കുപ്രകാരം ഇപ്പോൾ 2,24000-ത്തോളം ഹെക്ടറായി കേരളത്തിന്റെ നെൽവയലുകൾ വിസ്തൃതി കുറഞ്ഞിരിക്കുകയാണ്. ഇതിന് പലകാരണങ്ങ ളുണ്ട്. നെൽവയൽ വ്യാപകമായി നികത്തിയത് സത്യമാണ്. പക്ഷേ, 1964 -ലെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം വരുമ്പോൾ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് സ്റ്റാറ്റ്യൂട്ടറിയായി നൽകിയിരിക്കുന്ന ഒരു കരാറു ണ്ട്. ആ കരാർ പ്രാകരം കേരളത്തിലെ ജനങ്ങൾ കാർഷികമേഖല നാണ്യവി ളകളെ കേന്ദ്രീകരിക്കണമെന്നതാണ്. നമുക്കാവശ്യമായിട്ടുള്ള ഭക്ഷ്യധാന്യം കേന്ദ്രം തരും. അതിന്റെ ഫലമായി നമുക്ക് പരിശോധിച്ചാൽ അറിയാൻ കഴിയുന്നത്, റബ്ബർ ഉൽപ്പാദിപ്പിക്കുന്നതിന്റെ വിസ്തൃതി 35 കൊല്ലം കൊണ്ട് 11 ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. 35 കൊല്ലത്തിനുമുമ്പുണ്ടായ റബ്ബറിന്റെ വിസ്തൃതി 11 ഇരട്ടിയായി വർദ്ധിപ്പിച്ചപ്പോൾ 12 ലക്ഷം ഹെക്റ്റർ സ്ഥലമുണ്ടാ യിരുന്ന നെല്ലിന്റെ വിസ്തൃതി 2,24,000 ആയി കുറയുകയാണുണ്ടായത്. കേരളത്തിലെ ജനങ്ങളുടെ പ്രധാനമായ ആഹാരം അരിയാണ്. അരി

ആഹാരം ഭക്ഷണമായിരിക്കുന്ന ആളുകൾക്ക് ഒരു വർഷം വേണ്ടിവരുന്നത് 40 ലക്ഷം ടൺ അരിയാണ്. 40 ലക്ഷം ടൺ അരി ആവശ്യമുള്ള കേരളത്തിന് ഉൽപ്പാദിപ്പിക്കുന്നത് അഞ്ചു ലക്ഷം ടണ്ണിനുതാഴെ മാത്രമാണ്. ബാക്കി അരിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വിശേഷമുള്ള ഒരു സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റ് ആളോഹരിയായി നൽകികൊണ്ടിരുന്ന അരിയും ഗോതമ്പും ഗണ്യമായി വെട്ടിക്കുറയുക്കുകയുണ്ടായി. അങ്ങനെ വെട്ടിക്കുറച്ചതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന് ലഭ്യമാകേണ്ട അരി കേന്ദ്ര ഗവൺമെന്റ് തരണം. ഗവൺമെന്റ് നാണ്യവിളകൾ കേന്ദ്രീകരിക്കാൻവേണ്ടി പറഞ്ഞത് സത്യമാണ്. ആ നാണ്യവിളകൾ കേന്ദ്രീകരിച്ചതിന്റെ ഗുണം ഉണ്ടായത് കേരളത്തിന് മാത്രമാണോ? കേന്ദ്ര ഖജനാവിലേയ്ക്ക് മലയാളിയോ കേരളീയനോ എന്നുള്ള നിലയിൽ ഒരു ഫെഡറൽ റിപ്പബ്ലിക് ആയിരിക്കുന്ന ഒരു രാജ്യത്തിലെ, സംസ്ഥാനത്തിലെ ജനങ്ങൾ എന്നുള്ള നിലയിൽ ഇത് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ നാം മനസ്സിലാക്കേണ്ട കാര്യമാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗിനുവേണ്ടി സമരം നടത്തിയത് കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, കോൺഗ്രസുകാരും കമ്മ്യൂണിസ്റ്റുകാരും ഒരുമിച്ചുനിന്ന് സമരം നടത്തിയതാണ്. കേരളാ കോൺഗ്രസുമുണ്ട്. ഈ പ്രമേയത്തിൽ ഞാൻ ആരെയും കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. ഇത് കേരളത്തിന്റെ അവകാശമായി, കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും രാഷ്ട്രീയമില്ലാത്ത എല്ലാ ആളുകളും ഒരുമിച്ച് ചേർന്ന് സ്റ്റാറ്റ്യൂട്ടറി റേഷനിംഗിനുവേണ്ടി നടത്തിയ ഐതിഹാസികമായ പോരാട്ടത്തിലൂടെയാണ് കേരളത്തിന് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം കിട്ടിയത്. അത് തകർന്നിരിക്കുകയാണ്. ഇപ്പോഴെങ്കിലും ഇത് നമുക്ക് പുന:പരിശോധിക്കേണ്ടതല്ലേ? കാരണം, ഇപ്പോൾ അരിയുടെ വില വർദ്ധിച്ചിരി

ക്കുന്നു, ഗവൺമെന്റിന് ഇടപെടാൻ പറ്റുന്നില്ല. ഇടപെടണമെങ്കിൽ എന്തു വേണം, മാർക്കറ്റിൽ അരി ഉണ്ടാവണം. മാർക്കറ്റിൽ അരി ഉണ്ടാവണമെങ്കിൽ നമുക്ക് കേന്ദ്ര ഗവൺമെന്റ് അരി തരണം. അരി തരുന്നില്ല. ഏതു മന്ത്രി വിചാരിച്ചാരും ആന്ധ്രാപ്രദേശിൽപോയാലും അരി കിട്ടണമെങ്കിൽ പഴയ സംവിധാനം വേണം. ഇന്ന് അരിയുടെ സ്റ്റോക്ക് ആരുടെ കയ്യിലാണ്? ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് പൂർണ്ണമായിട്ടും കേന്ദ്ര സർക്കാരിന്റെ കൈവശമിരിക്കുന്നതിനേക്കാൾ കൂടുതലായി സ്വകാര്യ സംരംഭകരുടെ കൈകളിലേക്ക് കൊണ്ടെത്തിക്കുന്ന ഒരു നയം നടപ്പാക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ കൈവശം 52 ശതമാനത്തിലധികം ഭക്ഷ്യധാന്യ സംഭരണശേഷി ഉണ്ടായിരുന്ന എഫ്.സി. ഐ. ഗോഡൗണുകളൊക്കെ................ഇവിടെ ശ്രീ. വി. ഡി. സതീശനെപ്പോലുള്ളവർ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ ധാന്യങ്ങൾ ഈ സീസിണിൽ ശേഖരിക്കണം. ഈ ഭക്ഷ്യധാന്യം ശേഖരിക്കുന്ന എഫ്.സി.ഐ. ഗോഡൗണുകളെല്ലാം സ്വകാര്യവൽക്കരിച്ചു. അതിന്റെ ഫലമായി അവിടെയെല്ലാം ഈ ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നത് കേന്ദ്രഗവൺമെന്റല്ല. ഭൂരിപക്ഷം ഭക്ഷ്യധാന്യങ്ങളും ശേഖരിക്കുന്നത് സ്വകാര്യ സംരംഭകരും, കോർപ്പറേറ്റുകളുമാണ്. എന്നുമാത്രമല്ല, കാർഷിക മേഖലയിൽപോലും അവർ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെയെല്ലാം ഫലമായി ഏറ്റവും വലിയ.......

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഇങ്ങനെ വലിയ കമ്പനികൾ സംഭരിക്കുന്നതിന്റെ ഭാഗമായി ക്ഷാമകാലത്ത് ഇത് വില കൂട്ടി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ വില കൂട്ടി വിൽക്കുന്നത് ഇന്ത്യൻ മാർക്കറ്റിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കുന്നില്ലേ?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, മാർക്കറ്റിലെ ഇടപെടലുകൾ എന്നു പറയുന്നത്, ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ഭക്ഷ്യധാന്യങ്ങൾക്ക് പകരം സബ്സിഡി കൊടുക്കുവാൻവേണ്ടി തീരുമാനിച്ചു. സബ്സിഡി കൊടുക്കാൻ തിരുമാനിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാവുമോ? ഭക്ഷ്യ ധാന്യത്തിനു പകരം വില കൊടുക്കുവാൻ പറഞ്ഞാൽ, നിങ്ങൾ മാർക്കറ്റിൽ പോയി വാങ്ങണമെന്ന് തീരുമാനിച്ചു കഴിഞ്ഞാൽ വാസ്തവത്തിൽ ഈ മേഖ ലയിൽ ഇപ്പോൾ ഉണ്ടായികൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ തടയാൻ അത് പര്യാപ്തമാണോ? പൊതുവിതരണ സമ്പ്രദായത്തിന്റെ ലക്ഷ്യമെന്താണ്? ഭക്ഷ്യധാന്യം കൊടുക്കൽ മാത്രമാണോ? ഈ റേഷൻ സമ്പ്രദായം എന്നു പറയുന്നത്, മർക്കറ്റിൽ വില ഉയർത്താതിരിക്കാനും വില നിയന്ത്രണം ഏർപ്പെ ടുത്താനും വേണ്ടിയിട്ടുള്ള ശക്തമായ ഇടപെടൽ കൂടിയാണ്. അല്ലാതെ അതിനുപകരം 82 ലക്ഷത്തോളം വരുന്ന കാർഡുടമകളെല്ലാം ബാങ്കിൽ അക്കൗണ്ട് എടുക്കണം, സബ്സിഡി പണം അവിടെ വരും, മാർക്കറ്റിലെ വില അനുസരിച്ച് വാങ്ങിക്കണം എന്നുപറഞ്ഞാൽ അത് വാസ്തവത്തിൽ 82 ലക്ഷ ത്തോളം വരുന്ന കുടുംബങ്ങളെ ബാങ്കിന്റെ വരാന്തയിൽ അലഞ്ഞുതിരിയാൻ വിടുകയും മാർക്കറ്റിൽ ഇടപെടാനുള്ള സർക്കാരിന്റെ പരാജയത്തിന്റെ ഫല മായി മാർക്കറ്റ് കയ്യടക്കുന്ന ബഹുരാഷ്ട്ര കുത്തക ഭീമന്മാരുടെ വായി ലേയ്ക്ക് ഈ പാവപ്പെട്ട മനുഷ്യനെ എറിഞ്ഞുകൊടുക്കുകയും ചെയ്യുന്ന സമ്പ്രദായം അങ്ങ് ഉപേക്ഷിക്കണം. ഇത് യു.ഡി.എഫ്.-ന്റെ നയമാണ്. ഞാൻ ചോദിക്കട്ടെ, സംസ്ഥാന സർക്കാർ സബ്സിഡി ആണോ അങ്ങ് കൊടുക്കു ന്നത്, കേന്ദ്ര സബ്സിഡി അല്ലല്ലോ? അപ്പോൾ കേന്ദ്രത്തിന്റെ നിർദ്ദേശത്തിന്റെ പ്രകാരമല്ല, സംസ്ഥാന ഗവൺമെന്റിന് വേണമെങ്കിൽ ഈ റേഷൻ വഴിയുള്ള

സബ്സിഡി പണമായി നൽകുന്ന സംവിധാനം പിൻവലിക്കാൻ കഴിയില്ലേ? അരിയില്ലാതെ ജനങ്ങൾ നെട്ടോട്ടമോടുന്ന സന്ദർഭങ്ങളിൽ ഗവൺമെന്റ് ഇങ്ങനെ ഒരു തീരുമാനം എടുക്കുന്നത് ജനദ്രോഹപരമായിട്ടുള്ള തീരുമാനമാണ്. ഇവിടെ ഈ സംസ്ഥാനം ഒറ്റക്കെട്ടായി ആവശ്യപ്പെടുന്ന ഒരു കാര്യം, നമുക്ക് ലഭ്യമായികൊണ്ടിരുന്ന പതിമൂന്ന് ലക്ഷം ടൺ അരി നമുക്ക് ലഭിക്കണം. എന്തടിസ്ഥാനത്തിലാണ് ആളോഹരി റേഷൻ സമ്പ്രദായം പിൻവലിച്ചത്? ഒരു മനുഷ്യന് ജീവിക്കാനും അധ്വാനിക്കുവാനും ആവശ്യമായ ഊർജ്ജമെന്നുപറയുന്നത് 2,400 കിലോ കലോറിയാണ്. ഒരാൾക്ക് പ്രതിമാസം പന്ത്രണ്ടര കിലോ ധാന്യമുണ്ടെങ്കിൽ മാത്രമാണ് ജീവിക്കുവാനും അധ്വാനിക്കുവാനും ആവശ്യമായ കലോറി ഊർജ്ജം ഉണ്ടാകുന്നത്. അത്രയും ഇവിടെ കൊടുക്കുന്നില്ല. പകരം ഒമ്പത് കിലോ മാത്രം കൊടുക്കാൻവേണ്ടി തീരുമാനിച്ച് ആ തീരുമാനത്തിൽ നിന്ന് പിന്മാറി ആളോഹരി റേഷനു പകരം ഒരു കുടുംബത്തിന് ബി.പി.എൽ. കാർക്ക് 35 കിലോയും എ.പി.എൽ. കാർക്ക് 25 കിലോ അരിയും ഇപ്പോൾ കിട്ടാനില്ല. റേഷൻ കടയിൽ ഈ ധാന്യങ്ങൾ കിട്ടാനില്ല. കടലാസ്സിൽ എഴുതി വച്ചിരിക്കുന്നു എന്നല്ലാതെ ഇത് ലഭ്യമാകുന്ന സ്ഥിതിവിശേഷം നമ്മുടെ നാട്ടിലില്ല. കാലങ്ങളായി തുടർന്നുവന്നിരുന്ന ഈ സമ്പ്രദായം ഉണ്ടാക്കിയിരിക്കുന്ന മാറ്റം 1992-നു ശേഷം ലക്ഷ്യ കേന്ദ്രീകൃത റേഷൻ സമ്പ്രദായം ഏർപ്പെടുത്തുകയും .അരിയുടെ വിഹിതം ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തു. 2006-ലെ ലഭ്യമായികൊണ്ടിരുന്ന അരിയുടെ വിഹിതത്തിലുണ്ടായ വെട്ടിക്കുറവ് എല്ലാവർക്കും അറിയാവുന്നതാണ്. വെട്ടിക്കുറച്ച് വെട്ടിക്കുറച്ച് 36,000 ആയിട്ടും നാം മിണ്ടിയില്ല. ഇപ്പോഴെങ്കിലും 1964-ലെപോലെ നമുക്ക് എന്തുകൊണ്ട്

ഒന്നിച്ച് നിൽക്കാൻ സാധിക്കുന്നില്ല? ഇത് കേരളത്തിന്റെ ഒരു പൊതുപ്രശ്നമാണ്. ഇത് ഇടതുപക്ഷത്തിന്റെയോ വലതുപക്ഷത്തിന്റെയോ പ്രശ്നമല്ല. മൂന്നു നേരവും അരി ആഹാരം ഭക്ഷിക്കുന്ന കേരളീയരെ സംബന്ധിച്ച് 40 ലക്ഷം ടൺ അരി ആവശ്യമുള്ള കേരളത്തിൽ അഞ്ച് ലക്ഷം ടൺ അരി മാത്രം ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്ഥാനത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ അവകാശമാണ്. ഇത് കേന്ദ്രഗവൺമെന്റ് ഔദാര്യമായി തരേണ്ട കാര്യമല്ല. കേന്ദ്രത്തിന്റെ ഖജനാവിലേയ്ക്ക് ഇവിടെ നാണ്യവിളകൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് പതിനായിര കണക്കിന് കോടിരൂപ സംഭാവന ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. ഒരു ഫെഡറൽ റിപ്പബ്ലിക്ക് എന്നുള്ള നിലയിൽ ജനാധിപത്യപരമായ ഒരു സാമ്പത്തിക വിതരണക്രമം കേന്ദ്ര ഗവൺമെന്റ് പാലിക്കുകതന്നെ വേണം. അതിന്റെ അടിസ്ഥാനത്തിൽ കേരളീയ ജനതയുടെ അവകാശമായിരിക്കുന്ന റേഷൻ സംവിധാനം, അത് സർവ്വർക്കും ഒരുപോലെ ലഭിക്കത്തക്ക വിധത്തിൽ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന 13 ലക്ഷം ടണ്ണിൽ ചിലാനം വരുന്ന അരി ഇവിടെ പുന:സ്ഥാപിക്കണം. അതോടൊപ്പം ബഹുമാനപ്പെട്ട ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ബാങ്കിലേയ്ക്കുള്ള സബ്സിഡി.

<u>ശ്രീ. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട സുനിൽ കുമാർ പ്ലീസ് കൺക്ളൂഡ്...........പ്ലീസ്

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, 14,500-ഓളം വരുന്ന റേഷൻ കടകൾ ഇല്ലാതാക്കുകയാണ്. അതുകൊണ്ട് ഈ പ്രമേയം അംഗീകരിച്ച് ഏകകണ്ഠമായി സഭ ഇത് പാസ്സാക്കി കേരളത്തിന്റെ വികാരം കേന്ദ്രത്തെ അറിയി

ക്കാൻവേണ്ടി ഈ പ്രമേയത്തെ ഗവൺമെന്റ് പരിപൂർണ്ണമായി പിന്തുണയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. വി.എസ്. സുനിൽ കുമാർ അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുന്നു. ഇവിടെ നിലനിന്നിരുന്ന റേഷനിംഗ് സംവിധാനം തകർന്നുപോയതിന്റെ കാരണമെന്താണെന്നുള്ളത് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് തുടർന്നുവരുന്ന ഒരു നയത്തിന്റെ ഭാഗമായാണ് നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ആകെ താറുമാറായത്. അത്തരമൊരു സംവിധാനം നിലനിന്നിരുന്ന കാലത്ത് ന്യായവില ഷോപ്പുകൾ എന്ന പേരിൽ അറിയപ്പെട്ട സ്ഥാപനമാണ് ഇപ്പോൾ പൊതുവിതരണ കേന്ദ്രമായി മാറിയതെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ പൊതുവിതരണ കേന്ദ്രമെന്ന നിലയിലാണ് അതിന്റെ പേരുമാറ്റമെങ്കിലും യഥാർത്ഥത്തിൽ അവിടെ പൊതുവിതരണം നടത്താൻ കഴിയാത്ത വിധത്തിലുള്ള സാഹചര്യമാണ് കേന്ദ്രഗവൺമെന്റ് നയത്തെത്തുടർന്ന് വന്നുചേർന്നത്. 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യം അനുവദിച്ചുകൊണ്ടിരുന്ന കേന്ദ്രഗവൺമെന്റ് ഇപ്പോൾ 36000 ടണ്ണിൽ എത്തിനിൽക്കുകയാണ്. മറ്റൊരു മാർഗ്ഗമില്ലാത്ത, അരി ഭക്ഷണം മാത്രം കഴിച്ച് ശീലിച്ചിട്ടുള്ള ഈ സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഭക്ഷ്യധാന്യം തികയില്ല എന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി, 2010-വരെ കേരളത്തിലെ അരി വില 16 രൂപ മുതൽ 22 രൂപവരെ മാത്രമായിരുന്നു. എന്നാൽ ഇന്ന് കേരളത്തിൽ അരിയുടെ വില 44 രൂപ മുതൽ 50 രൂപവരെ എത്തി

നിൽക്കുകയാണ്. മാർക്കറ്റിൽ പൊതുവിതരണ സംവിധാനം തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട് പൊതുമാർക്കറ്റിൽ ക്രമാതീതമായ വിലവർദ്ധനവുണ്ടാക്കിക്കൊണ്ടിരിക്കുന്നു, അല്ലെങ്കിൽ ബോധപൂർവ്വമായി വില വർദ്ധിപ്പിക്കാനാവശ്യമായ നടപടി നമ്മുടെ രാജ്യത്തെ കച്ചവടക്കാർ, കരിഞ്ചന്തക്കാർ സ്വീകരിക്കുന്നു എന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അരി വില വർദ്ധിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുമ്പോൾ നമ്മുടെ ഭരണാധികാരികൾ സൂചിപ്പിക്കുന്ന ഒരു കാര്യം, അന്യ സംസ്ഥാനങ്ങളിലുണ്ടായിട്ടുള്ള വരൾച്ചയുടെയും പ്രകൃതിക്ഷോഭത്തിന്റേയും ഫലമായി അവിടെ ആവശ്യമായത്ര ഭക്ഷ്യധാന്യം ഉത്പാദിപ്പിക്കാൻ കഴിയാത്തതുകൊണ്ടാണ് കേരളത്തിനാവശ്യമായത്ര ഭക്ഷ്യധാന്യം ലഭിക്കാതെ പോകുന്നത് എന്നാണ്. അതിന്റെ ഫലമായിട്ടാണ് വില വർദ്ധിച്ചതെന്നാണ്. യഥാർത്ഥത്തിൽ അതല്ല വിഷയം. അങ്ങനെയാണെങ്കിൽ ആ സംസ്ഥാനങ്ങളിൽ അരിയുടെ വിലയിൽ ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ടോ? ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിച്ചത് സംബന്ധിച്ച് കേരളം അനുഭവിക്കുന്നതുപോലുള്ള പ്രയാസങ്ങൾ ആ സംസ്ഥാനങ്ങൾ അനുഭവിക്കുന്നുണ്ടോ എന്ന് നമുക്ക് പരിശോധിച്ചാൽ കാണാൻ കഴിയും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ആളോഹരി റേഷൻ സംവിധാനം നിലനിന്നിരുന്നിടത്ത് ലക്ഷ്യകേന്ദ്രീകൃത റേഷൻ നടപ്പാക്കുന്നതിലേയ്ക്ക് ഗവൺമെന്റ് നീങ്ങിയതിനെത്തുടർന്നാണ് ഈ പുതിയ പ്രശ്നങ്ങളിവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്ന് കാണാൻ കഴിയും. അതീവ ഗുരുതരമായ ഭക്ഷ്യക്ഷാമവും വിലക്കയറ്റവും മൂലം ജനജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇത് ഏറ്റവും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പോകുകയാണ്. ഈ സാഹചര്യത്തിലാണ് തീർച്ചയായും സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ

പ്രസ്ഥാനങ്ങളും ഒന്നിച്ചുചേർന്നുകൊണ്ട് ഈ സഭ ഏകകണ്ഠമായി ഈ സംസ്ഥാനത്തിന്റെ വികാരം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഒരു പ്രമേയം അംഗീകരിക്കണമെന്നാവശ്യപ്പെടാൻ ഇത്തരമൊരു പ്രമേയം ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. അത് പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊള്ളാനും കേന്ദ്ര ഗവൺമെന്റ് തുടരുന്ന ഇന്നത്തെ നയത്തിൽനിന്ന് വ്യതിചലിച്ച് സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യം പൂർണ്ണമായി ലഭ്യമാക്കാനും നേരത്തെ നൽകിയതുപോലെ 13.92 ലക്ഷംടൺ ഭക്ഷ്യധാന്യമെങ്കിലും ഈ സംസ്ഥാനത്ത് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാനും ഈ സഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു എന്ന പ്രമേയം അംഗീകരിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതോടൊപ്പം സബ്സിഡിയുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാൻപോകുന്ന നടപടികളെക്കുറിച്ച് കഴിഞ്ഞ ദിവസം ചർച്ച ചെയ്യുകയുണ്ടായി..........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. ഇ. ചന്ദ്രശേഖരൻ: പാവപ്പെട്ട ആളുകൾക്ക് പൂർണ്ണമായ വില കൊടുത്ത് ഭക്ഷ്യധാന്യം വാങ്ങാൻ കഴിയാത്ത സാഹചര്യമാണ് സബ്സിഡി ബാങ്കുകളിലൂടെ നൽകുന്നതിനെത്തുടർന്ന് ഉണ്ടാകാൻ പോകുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഇതൊഴിവാക്കാനാവശ്യമായ നടപടികൾകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന അഭ്യർത്ഥനയോടുകൂടി ഈ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, അങ്ങേയ്ക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"പിൻവലിക്കണമെന്നും" എന്ന വാക്കിനു ശേഷം "അരിയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സംസ്ഥാനത്തെ നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെയുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്നും" എന്നീ വാക്കുകൾ ചേർക്കുക

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അങ്ങേയ്ക്ക് ഭേദഗതി മൂവ് ചെയ്ത് സംസാരിക്കാവുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ആദ്യത്തെ ഖണ്ഡിക ഒഴിവാക്കുകയും രണ്ടാമത്തെ ഖണ്ഡികയിലെ "ആയതിനാൽ, 2006-വരെ കേരളത്തിന് ലഭിച്ചിരുന്ന 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യവിഹിതം അടിയന്തിരമായി പുന:സ്ഥാപിക്കണമെന്നും" എന്നീ വാക്കുകൾക്ക് പകരം "സംസ്ഥാനത്തിന് ആവശ്യമുള്ള ഭക്ഷ്യധാന്യം അനുവദിക്കണമെന്നും" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

ഈ പ്രമേയത്തിന്മേലുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. ഇപ്പോൾ ഈ പ്രമേയത്തിലൂടെ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞ അതേ കാര്യങ്ങൾ കഴിഞ്ഞ ദിവസം ഒരു അടിയന്തര പ്രമേയമായി ഇവിടെ അവതരിപ്പിച്ചിരുന്നു. ആ അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ സഭ അനുവദിച്ചു. അതിന്മേൽ വിശദമായ ചർച്ച നടന്നു. ആ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി കേൾക്കാനുള്ള സന്മനസ്സ് കാണിച്ചിരുന്നെങ്കിൽ എന്റെ

സ്നേഹിതൻ ശ്രീ. വി.എസ്. സുനിൽ കുമാറിന് ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കേണ്ടിവരില്ലായിരുന്നു. കഴിഞ്ഞ ദിവസമുണ്ടായ അനുഭവം ആവർത്തിക്കരുത്. ഇപ്രാവശ്യമെങ്കിലും ബഹുമാനപ്പെട്ട മന്ത്രി പറയുന്ന മറുപടി കേൾക്കാനുള്ള സന്മനസ്സ് കാണിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തയ്യാറാകണമെന്ന് ഞാൻ വിനയപപുരസ്സരം അഭ്യർത്ഥിക്കുകയാണ്. അടിയന്തര പ്രമേയമാണെങ്കിലും അനൗദ്യോഗിക പ്രമേയമാണെങ്കിലും പറയുന്ന കാര്യത്തിനോട് ആത്മാർത്ഥതയുണ്ടെങ്കിൽ സ്വാഭാവികമായും അതിന്റെ മറുപടി പ്രതീക്ഷിക്കും ആ മറുപടിപോലും കേൾക്കാതെ അസ്വസ്ഥത കാണിക്കുമ്പോഴാണ്, നിങ്ങൾ രാഷ്ട്രീയപ്രേരിതമായി പറയുന്നതിനോട് യോജിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രണ്ട് കാര്യങ്ങളിൽ ഒന്ന് കേന്ദ്ര വിഹിതം കുറഞ്ഞു എന്നതും മറ്റൊന്ന് സബ്സിഡി ബാങ്കുകൾവഴി നൽകുന്നതുമാണ്. നമ്മുടെ പി.ഡി.എസ്. തകരാറിലായി, വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നുള്ള ചില കാര്യങ്ങൾകൂടി ഇതോടനുബന്ധിച്ച് പറഞ്ഞു. ഞാനൊരു കാര്യം പറയാം നമ്മുടെ പി.ഡി.എസ്.-ന് ഒരു തകരാറും സംഭവിച്ചിട്ടില്ല. കഴിഞ്ഞ കാലഘട്ടത്തിൽ കേരളത്തിലുണ്ടായിരുന്ന പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം അതേപടി തുടരുന്നു എന്നുമാത്രമല്ല കഴിഞ്ഞ പ്രാവശ്യം നമ്മൾ ചർച്ച ചെയ്ത വിഷയമാണ്. ഇവിടെ പറഞ്ഞതുപോലെ റേഷനരി വിതരണം ചെയ്യുന്ന കാര്യത്തിൽ ബി.പി.എൽ. കാർഡുകാർക്ക് 25 കിലോ അരി ഒരു രൂപയ്ക്ക് കൊടുക്കുന്നുണ്ട്, എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നോൺ-സബ്സിഡി ഇനത്തിൽ കൊടുക്കുന്നു. രണ്ട് രൂപയ്ക്ക് 9 കിലോ അരി കൊടുക്കുന്നു.

നോൺ-സബ്സിഡി വിഭാഗത്തിന് 8 രൂപ 90 പൈസയ്ക്ക് 10 കിലോ അരി നൽകുന്നു. കഴിഞ്ഞ അടിയന്തര പ്രമേയ ചർച്ചയ്ക്കുശേഷം ഈ വിഷയം കുറച്ചുകൂടി ഗൗരവമായെടുത്ത് 25 കിലോ അരി നൽകിയിരുന്ന സ്ഥാനത്ത് 35 കിലോ അരി നൽകാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിലുണ്ടായിരുന്ന പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം തകർത്തു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്, അങ്ങനെയുണ്ടായിട്ടില്ല. കുറച്ചുകൂടി കാര്യക്ഷമ മായി കൊടുക്കാൻ തീരുമാനിച്ചിട്ടുമുണ്ട്.

ശ്രീ. പാലോട് രവി: സർ, 13.92 ലക്ഷം ടൺ പുന:സ്ഥാപിക്കണമെന്നാണ് ഇവർ പറയുന്നത്. As on today ഇതിനെക്കാൾ എത്രയോ കൂടുതലാണ് കേന്ദ്രം നൽകിയിരിക്കുന്ന 16 ലക്ഷംടൺ?

ശ്രീ. ബെന്നി ബെഹനാൻ: സർ, 2006 കാലഘട്ടത്തിൽ 13.92 ലക്ഷം ടൺ അരി കേന്ദ്രം അനുവദിച്ചപ്പോൾ അന്നത്തെ ഗവൺമെന്റ് 49000 ടൺ അരി മാത്രമാണ് ലിഫ്റ്റ് ചെയ്തത്. ഇവിടെയിപ്പോൾ അരി കുറഞ്ഞു എന്നു പറയുന്നു. 36000 ടൺ അരിയല്ല ഈ വർഷം 60000 ടൺ അരി ലഭിച്ചു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ്, കേരളത്തിന് നൽകുന്ന അരിയുടെ അളവ് ഒരു ലക്ഷം ടൺ ആക്കാമെന്നുപറയുന്നു അപ്പോൾ കേന്ദ്ര വിഹിതം കുറഞ്ഞു എന്നുപറയാൻ എന്താണ് കാരണം? അന്ന് നിങ്ങൾ ലിഫ്റ്റ് ചെയ്തില്ല.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ..........പോയിന്റ് ഓഫ് ഓർഡർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ......

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ലിഫ്റ്റിംഗ് കുറഞ്ഞു എന്നുള്ളത് സത്യമാണ്. പക്ഷേ 2001-2002, 2002-2003 -ൽ എൽ.ഡി.എഫ്. സർക്കാരല്ല കേരളം ഭരിച്ചിരുന്നത്. അന്ന് 13,75,440 ലക്ഷം ടൺ അരി അനുവദിച്ചപ്പോൾ നിങ്ങൾ എടുത്തത് 33,078 ടൺ മാത്രമാണ്, അതായത് 1.5 ശതമാനം മാത്രമാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് 2008-2009 കാലഘട്ടത്തിൽ അനുവദിച്ചതിന്റെ സെന്റ് പെർസന്റ് എടുത്തു. 2007-2008-ൽ 98.29 ശതമാനമെടുത്തു. കേന്ദ്ര വിഹിതം എടുക്കുന്നതിൽ ഇടയ്ക്ക് ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ട് എന്നുള്ളത് സത്യം തന്നെയാണ്. പക്ഷേ എൽ.ഡി.എഫ്-ന്റെ കാലത്ത് ലിഫ്റ്റിംഗിൽ കുറവ് എന്നുപറയരുത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് അവകാശപ്പെട്ട അരി ലഭിക്കാതിരിക്കുന്നതിന് കാരണമായി കേന്ദ്രം അത് ചൂണ്ടിക്കാണിച്ചത് ശരിയല്ല.

ശ്രീ. ബെന്നി ബെഹനാൻ: 14 ലക്ഷം ടൺ അരി അലോട്ട് ചെയ്ത സമയത്ത് നിങ്ങൾ 49000 ടൺ അരി മാത്രമേ ലിഫ്റ്റ് ചെയ്തിട്ടുള്ളൂ എന്ന കാര്യം താങ്കൾ അംഗീകരിച്ചു. കാരണം 2006 കാലഘട്ടത്തിൽ യു.ഡി.എഫ് ഈ സംസ്ഥാനം ഭരിച്ചപ്പോൾ ഓപ്പൺ മാർക്കറ്റിൽ അരി വില കുറവായിരുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് അരി വേണ്ടായിരുന്നു. അതിനുശേഷംവന്ന യു.ഡി.എഫ്. ഗവൺമെന്റ് നെല്ല് സംഭരിച്ച് അരി കുത്തി റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ തീരുമാനിച്ച് എം.ഒ.യു. വച്ചു. നിങ്ങളുടെ കാലഘട്ടത്തിൽ നിങ്ങൾ എന്താണ് ചെയ്തത്? അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദൻ സമരത്തിനുപോയി. അങ്ങയുടെ

നേതാവ് ശ്രീ. കെ. ഇ. ഇസ്മയിൽ രാജ്യസഭയിൽ ചോദ്യം കൊടുത്തപ്പോൾ കിട്ടിയ മറുപടി എന്തായിരുന്നു? നിങ്ങൾക്ക് അനുവദിച്ചിരിക്കുന്ന അരി നിങ്ങൾ ഉപയോഗിച്ചിട്ടില്ല, റേഷൻ കടകളിലൂടെ എന്നാണ്. അന്ന് നെല്ല് കുത്തി അരിയാക്കി പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലൂടെ വിതരണം ചെയ്യണമെന്നുപറഞ്ഞ് എം.ഒ.യു. ഒപ്പിട്ടതിനുശേഷം ഇടതുപക്ഷ മുന്നണി ഗവൺമെന്റ് വന്നപ്പോൾ അത് പി.ഡി.എസ്സ്-ൽ കൊടുക്കാതെ മറിച്ചു വിറ്റു എന്നത് ഈ നിയമസഭയിൽ തന്നെ ചർച്ച ചെയ്യുകയും നിങ്ങൾ അന്ന് പ്രതി ക്കൂട്ടിൽ നിൽക്കുകയും ചെയ്തവരാണ്. പാവപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പയറും കടലയും മറിച്ചുവിറ്റ പാരമ്പര്യമുള്ള പാർട്ടിയുടെ നേതാക്കന്മാർ ഇവിടെവന്നുനിന്ന് കേന്ദ്ര വിഹിതത്തെക്കുറിച്ച് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്? അതുപോലെ ഒരു ഗവൺമെന്റ് എന്താണ് ചെയ്യുന്നത്. ഗവൺമെന്റ് പൊതുവിപണിയിൽ ഇടപെട്ട് മാർക്കറ്റ് വില നിയന്ത്രിക്കണം. നിങ്ങളുടെ കാലഘട്ടത്തിൽ ഇവി ടത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്തത് എത്രയാണ്? 2007-08 -ൽ നിങ്ങൾ 50 കോടി രൂപ കൊടുത്തത് ഞാൻ സമ്മതിക്കുന്നു. 2008-09-ൽ 105 കോടി രൂപയും 2009-10-ൽ 83 കോടി രൂപയുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് പൊതുവിപണിയിലിടപെട്ട് വില നിയന്ത്രിക്കുന്നതിനുവേണ്ടി 2011-12 കാലഘട്ടത്തിൽ ഞങ്ങൾ കൊടുത്തത് 118 കോടി രൂപയാണ്. കുറഞ്ഞി ട്ടുണ്ടോ? ശ്രീ. വി.എസ്. സുനിൽ കുമാർ പറയണം. 2012-13 കാലഘട്ടത്തിൽ ഞങ്ങൾ 85 കോടി രൂപ............ ഈ കണക്കിനെക്കുറിച്ച് അഭിപ്രായവ്യത്യാസ മുണ്ടെങ്കിൽ പറയണം. ഇടതുപക്ഷ മുന്നണി ഈ സംസ്ഥാനം ഭരിച്ചപ്പോൾ

കൊടുത്തതിനേക്കാൾ കൂടുതൽ തുക ഈ രണ്ടുവർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് പൊതുമാർക്കറ്റിൽ ഇടപെടുന്നതിനുവേണ്ടി ഇവിടത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന് സാമ്പത്തിക സബ്സിഡി കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റിനെയാണ് നിങ്ങൾ വിലക്കയറ്റത്തെക്കുറിച്ച് കുറ്റം പറയുന്നത്. ഞാൻ ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസ് വകുപ്പുമ ന്ത്രിയോട് പറയുന്നു, ധനകാര്യവകുപ്പുമന്ത്രിയോട് പരസ്യമായി അഭ്യർത്ഥിക്കുന്നു, ഈ പണം കൂട്ടണം. കഴിഞ്ഞ പ്രാവശ്യം അടിയന്തരപ്ര മേയം ചർച്ച ചെയ്തപ്പോൾ നിങ്ങൾ പറഞ്ഞത് എന്താണ്? പൂഴ്ത്തിവയ്പ്പു കാർക്കെതിരെ നിങ്ങൾ നടപടി സ്വീകരിച്ചോ? കഴിഞ്ഞ എത്രയോ ദിവസങ്ങളായി ഈ വാർത്ത പത്രത്തിൽ വരുന്നു, ഞങ്ങൾ പൂഴ്ത്തിവയ്പ്പു കാരുടെ പേരിൽ നടപടി സ്വീകരിക്കാൻ റെയ്ഡ് നടത്തി അറസ്റ്റ് ചെയ്ത് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുന്നു. ശ്രീ. അനൂപ് ജേക്കബ് കഴിഞ്ഞ പ്രാവശ്യം മറുപടി പറയാൻ വന്നപ്പോഴാണ് നിങ്ങൾ തടസ്സപ്പെടുത്തിയത്. എത്ര പേരെ അറസ്റ്റ് ചെയ്തുവെന്ന് പറഞ്ഞപ്പോൾ അദ്ദേഹം കണക്കൊന്ന് പരിശോധിക്കുന്നതിനുവേണ്ടി കടലാസ്സിലേയ്ക്ക് നോക്കിപ്പോയിയെന്ന ഒറ്റക്കാരണത്താലാണ് നിങ്ങൾ വാക്കൗട്ട് നടത്തി പോയത്. ഞങ്ങൾ അന്നും ആർജ്ജവത്തോടുകൂടി പറഞ്ഞു, ഈ ഗവൺമെന്റ് പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുമെന്നും പൂഴ്ത്തിവയ്പ്പുകാർക്കെതിരെ നടപടി സ്വീകരിക്കുമെന്നും പറഞ്ഞു. അപ്പോൾ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റവു മായി ബന്ധപ്പെട്ട് ക്വാട്ട കുറഞ്ഞിട്ടില്ല. പിന്നെ ബാങ്കിലൂടെ സബ്സിഡി കൊടു ക്കുന്ന കാര്യം. ആ സബ്സിഡി പാവപ്പെട്ടവന്റെ കയ്യിൽ ആ പണം കിട്ടണം. കഴിഞ്ഞ ദിവസം ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ അതിനുള്ള സംവിധാനമുണ്ടോ? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും

ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു. വേണ്ടി വന്നാൽ മൊബൈൽ എ.ടി. എം. തുടങ്ങി പാവപ്പെട്ടവന് ഈ പണം എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി യുള്ള സംവിധാനമുണ്ടാക്കണമെന്ന അഭിപ്രായമാണ് നമുക്കുള്ളത്. പണ്ട് ടെലിഫോൺ ബൂത്ത് വന്നപ്പോൾ തലയിൽ കൈവച്ചവരാണ് ശ്രീ. വി.എസ്. സുനിൽ കുമാറിന്റെ പാർട്ടി. ഇന്നിപ്പോൾ അത് സർവ്വസാധാരണമായി മാറി. ഏതെങ്കിലും ഒരു കാര്യം പാവപ്പെട്ടവന് സഹായകരമായി നടപ്പാക്കാൻ പോകുന്ന....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ പ്ലീസ്...... പ്ലീസ്...... ഇരിക്കണം... സമയമില്ല. ........(ബഹളം) ....... അടുത്ത് സംസാരിക്കു ന്നവർ പറയട്ടേ. ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥാണ് അടുത്ത് സംസാരിക്കുന്നത്. എന്താണ് പോയിന്റ് ഓഫ് ഓർഡർ. ഇതിലൊന്നുമില്ല. ശ്രീ. ബെന്നി ബെഹനാന് സംസാരിക്കാം.

ശ്രീ. വി.എസ്. സുനിൽ കുമാർ: അന്ന് കേന്ദ്ര ഏജൻസിയിൽ ലേബർ ... നിങ്ങൾ സബ്സിഡി കൊടുക്കുന്ന കാര്യം ..........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ പ്ലീസ്....... പ്ലീസ്......... ഇരിക്കൂ. ........(ബഹളം) .......

ശ്രീ. ബെന്നി ബെഹനാൻ: സബ്സിഡിയുടെ പണം പാവപ്പെട്ടവന്റെ കയ്യിൽ എത്തിക്കുന്നതിനാണ് ഇപ്പോൾ ഇടതുപക്ഷ പ്രസ്ഥാനത്തിന് പരാതി. അത് വിതരണം ചെയ്യുന്നതിനുവേണ്ടി എന്തെങ്കിലും പ്രായോഗികമായ തടസ്സ ങ്ങളുണ്ടെങ്കിൽ ബാങ്കുകളുടെ ശാഖയില്ലാത്തതിന്റെ പേരിലാണ് ബുദ്ധിമുട്ടനു ഭവിക്കുന്നതെങ്കിൽ അത് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള.......... അരി ഉൽപ്പാദനം കുറഞ്ഞതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അതും കൂടി പറഞ്ഞ് അവ സാനിപ്പിക്കാം. അരി ഉൽപ്പാദനം സംബന്ധിച്ചാണെങ്കിൽ, നമ്മുടെ നെൽവ

യലിന്റെ വിസ്തൃതി കുറഞ്ഞു, സമ്മതിക്കുന്നു. പലപ്പോഴും എന്താണ് സംഭവ ച്ചതിന് കാരണം? കേന്ദ്ര ഗവൺമെന്റിന്റെ നയമൊന്നുമല്ല. നമ്മുടെ കർഷകർ നെൽ ഉൽപ്പാദിപ്പിച്ച സ്ഥലത്ത് പകരം റബ്ബർ വയ്ക്കാൻ പോയി. ശ്രീ. വി. എസ്. സുനിൽ കുമാർ, അത് കേന്ദ്രത്തിന്റെ നയം കൊണ്ടുണ്ടായതല്ല. കർഷ കൻ അവന് ലാഭകരമേതാണെന്ന് നോക്കുമ്പോൾ നെല്ലിനേക്കാൾ വില റബ്ബറി നുള്ളതുകൊണ്ട് കർഷകൻ പോയിട്ടുണ്ട്. അത് വേണമോ വേണ്ടയോയെന്നു ള്ളത് നമുക്ക് കൂട്ടായി ചർച്ച ചെയ്യാം. അതല്ലാതെ ഇവിടെ വിലക്കയറ്റമുണ്ടാ കുന്നത് സ്റ്റേറ്റ് ഗവൺമെന്റിന്റെ നയമാണ്, സംസ്ഥാന ഗവൺമെന്റിന്റെ നയ മാണ് എന്നൊക്കെ പറയുന്നത് ശരിയല്ല. നിങ്ങളുടെ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോടുയോജിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. മറുപടി പറയാറുള്ള സന്മനസ്സ് പ്രതിപക്ഷം കേൾക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കു കൾ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഈ വിഷയം കേരള ജനതയുടെ വർഷങ്ങളായുള്ള സുപ്രധാനമായൊരു വിഷയമാണ്. ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ഇതിനെക്കുറിച്ച് സംസാരിച്ച പ്പോൾ ഇതൊരു കക്ഷി രാഷ്ട്രീയ ആരോപണമെന്ന രീതിയിലേയ്ക്ക് വന്നതിലുള്ള ദു:ഖം ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്. ഒരു ജനത യുടെ മൂർത്തമായിട്ടുള്ള പ്രശ്നം കക്ഷിരാഷ്ട്രീയത്തിനതീതമായി അതിന്റെ സാമ്പത്തിക പ്രശ്നമെന്താണെന്ന് മനസ്സിലാക്കി എല്ലാപേരും ഒന്നിച്ചുചേർന്ന് ആ പ്രശ്നത്തിൽ ഇടപെടണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ആദ്യമായി പറയുന്നത്. കേരളത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അരി വിഹിതം നിരന്തര

മായി കുറഞ്ഞുവരുന്നുവെന്നുള്ളത് കണക്കുകൾ തെളിയിക്കുന്നതാണ്. എന്താണതിന്റെ കാരണം? എങ്ങനെ അത് പരിഹരിക്കാമെന്നുള്ള ചർച്ചയാണ് നമുക്ക് വേണ്ടത്. വാസ്തവത്തിൽ അത്തരത്തിൽ കുറഞ്ഞുവരേണ്ടതുണ്ടോ യെന്ന് ആദ്യം പരിശോധിക്കുകയാണ്. കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ രാജ്യത്ത് ഭക്ഷ്യധാന്യത്തിന്റെ ഉൽപ്പാദനം കൂടിവരികയാണ്. അതു പോലെതന്നെ ഭക്ഷ്യധാന്യ ശേഖരവും കൂടിവരികയാണ്. 6.3 കോടി ടൺ ഭക്ഷ്യധാന്യം ഇന്നു നമ്മുടെ ഗോഡൗണുകളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അതിൽ കൂടുതൽ ശേഖരിക്കപ്പെടുമായിരുന്നു. പക്ഷേ അവധി വ്യാപാരമെന്ന സ്വകാര്യവത്ക്കരണം വന്നപ്പോൾ ശേഖരണം കുറഞ്ഞു. എങ്കിലും ആ ശേഖ രണം കൂടുതലുണ്ട്. അതേ സമയം നല്ല വില അരിക്ക് വരുന്നുണ്ട്. ഇതൊരു വൈരുദ്ധ്യമാണ്. അരി ശേഖരം കൂടുന്നു, അരി ഉൽപ്പാദനം കൂടുന്നു, അരി യുടെ വില കൂടുന്നു. ഇങ്ങനെ നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ അവസ്ഥ വച്ച് നോക്കുമ്പോൾ കേരളത്തിന്റെ നെല്ല് ഉൽപ്പാദനം കുറഞ്ഞു വരുന്നു; പ്രതിശീർഷ ഭക്ഷ്യധാന്യ ആവശ്യകത കൂടിവരുന്നു; നാണ്യവിളക ളിൽ നിന്നും കേന്ദ്ര സർക്കാരിന് കേരളത്തിൽ നിന്നുള്ള വരുമാനം കൂടിവരുന്നു. ഇതെല്ലാം വച്ചുനോക്കുമ്പോൾ കേന്ദ്രത്തിൽ ശേഖരത്തിന്റെ അളവ് വർദ്ധിക്കുന്നതിന്റെ തോതിൽ കേന്ദ്ര വിഹിതം കേരളത്തിന് വർദ്ധി ക്കേണ്ടതാണ്. പക്ഷേ അത് വർദ്ധിക്കുന്നില്ല. അത് സത്യമാണ്. വർദ്ധിക്കേണ്ട താണ് പക്ഷേ വർദ്ധിക്കുന്നില്ല. ആ ഒരു ചോദ്യം പ്രസക്തമാകുന്നു. എന്തു കൊണ്ട് വർദ്ധിക്കുന്നില്ല? ആ വിഷയമാണ് നമ്മൾ ചർച്ചചെയ്യേണ്ടത്. അതിന് വളരെ ലളിത സാമ്പത്തിക ശാസ്ത്രം അതിന് ഉത്തരം പറയുന്നുണ്ട്. ഈ വിചിത്രമായ പ്രശ്നം തുടങ്ങുന്നത് എന്നാണ്? 1992 മുതലാണ്. 1964 മുതൽ

1992 വരെ നിരന്തരമായി ഇതേ കണക്ക് ഞാൻ നേരത്തെ പറഞ്ഞ ആശയമനുസരിച്ച് അരിയുടെ വിഹിതം കൂടിവന്നെങ്കിലും 1992-ന് ശേഷം അരിയുടെ വിഹിതം നിരന്തരമായി കുറയുകയാണ്. അപ്പോൾ പ്രശ്നത്തിന്റെ കാതലിൽ നമ്മൾ എത്തുകയാണ്. കാരണം ഈ സാമ്പത്തിക നയമാണ്. വേറെ ഒന്നുമല്ല. എന്തുകൊണ്ട്? കേന്ദ്ര സർക്കാർ സ്വരൂപിക്കുന്ന ഭക്ഷ്യധാന്യം കർഷകർക്ക് നല്ല വില കൊടുത്ത് ശേഖരിക്കുകയാണ്. അപ്പോൾ നല്ല വില കൊടുത്ത് ഒരു ഭക്ഷ്യധാന്യം ഗോഡൗണിൽ ശേഖരിച്ചാൽ അത് ജനങ്ങളിൽ എത്തണമെങ്കിൽ, വില കുറച്ച് റേഷൻ കടകളിലൂടെ എത്തണമെങ്കിൽ കേന്ദ്ര സർക്കാർ അതിന് സബ്സിഡി നൽകണം. ഇതാണ് അടിസ്ഥാനമായ പ്രശ്നം. കേന്ദ്ര സർക്കാർ സബ്സിഡി നൽകിക്കൊണ്ടാണ് വില കുറച്ച് സാധനങ്ങൾ റേഷൻകടകളിൽ എത്തിക്കുന്നത്. പക്ഷേ ഈ സാമ്പത്തികനയം സബ്സിഡി കൊടുക്കരുത് എന്ന് വളരെ വ്യക്തമായി പറയുകയാണ്. ഈ പ്രശ്നമാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഇങ്ങനെ കർഷകരിൽ നിന്ന് ശേഖരിക്കുന്ന അരി ഗോഡൗണുകളിൽ സൂക്ഷിച്ച് അത് പുഴുവെടുത്ത് നശിക്കുകയാണ്. അത് നേരിട്ട് കണ്ടതല്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: എന്താണ് ഖേൽക്കർ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്, 'ഭക്ഷ്യ സുരക്ഷ എന്ന വാഗ്ദാനത്തിൽ നിന്ന് പൂർണ്ണമായും പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ഖേൽക്കർ കമ്മിറ്റി ഉപദേശം ഭക്ഷ്യ സബ്സിഡി വൻതോതിൽ വെട്ടി കുറയ്ക്കണമെന്നും കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ കരുതൽ ശേഖരം സൂക്ഷിക്കേണ്ടെന്നും നിർദ്ദേശമുണ്ട്. കേന്ദ്രം വൻതോതിൽ ഭക്ഷ്യധാന്യം സൂക്ഷിച്ചു വയ്ക്കുന്നത് പാഴ്ചെലവാണ്'.

ഇതൊരു സാമ്പത്തിക നയത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് സബ്സിഡി കൊടുത്തുമാത്രമേ ഭക്ഷ്യധാന്യം റേഷൻ കടകളിലൂടെ നമ്മുടെ രാജ്യത്ത് എത്തിച്ചേരുകയുള്ളു. അത് മാത്രമല്ല, ഇന്ന് ആഗോളതലത്തിൽ പ്രശ്നം നട ക്കുന്നുണ്ട്. ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം, ലോകകണക്കനുസരിച്ച് ലോകകമ്പോളത്തിൽ കഴിഞ്ഞ 35 വർഷക്കാലം ഏറ്റക്കുറച്ചിലുകളില്ലാതെ നിന്ന ഭക്ഷ്യ വില 1997-ൽ എത്തി യപ്പോൾ ക്രമാതീതമായി ഉയരുകമാത്രമല്ല ഉയർന്നതോതിലുള്ള അസ്ഥിരത ഉണ്ടാകുകയും 1997-ന് ശേഷം 2007-ൽ എത്തിയപ്പോൾ അത് 138 മുതൽ 238 പോയിന്റായി ഉയരുകയും ചെയ്തു. ഇതൊരു പൊതുപ്രശ്നമാണ്. ഈ സാമ്പത്തിക നയമാണ് പ്രശ്നമെന്ന് നമ്മൾ തിരിച്ചറിയണം. കഴിഞ്ഞില്ല, നേരത്തെ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞതുപോലെ അത്തരത്തിലുള്ള ഭക്ഷ്യധാന്യം വിലക്കുറച്ച് നമ്മുടെ ഗോഡൗണുകളിൽ എത്തുമ്പോൾ അവിടെ നിന്ന് റീട്ടെയിൽ ഷോപ്പുകളിൽ എത്തിക്കുന്നതിൽ ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, മുളങ്കുന്നത്ത് കാവിൽ ഞങ്ങൾ നേരിട്ട് കണ്ടതാണ്. അവിടെ ഏകദേശം 50,000 ടൺ ഭക്ഷ്യ ധാന്യം ശേഖരിക്കാനുള്ള ശേഷിയുണ്ട്. അവിടെ 49,000 ടൺ ഭക്ഷ്യധാന്യം ശേഖരിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഒരു വർഷം അവിടെ നിന്ന് ഓഫ് ടേക്ക് എന്ന് പറയുന്നത് 30,000 ടൺ മാത്രമേയുള്ളു. 49,000 ടൺ അവിടെ ശേഖരിക്കു കയും 30,000 ടൺ ഓഫ്ടേക്കുണ്ടാകുന്നത് എന്തുകൊണ്ടാണ്? 49,000 ടണ്ണും ഓഫ്ടേക്ക് ഉണ്ടായിരുന്നുവെങ്കിൽ അവിടെ ഭക്ഷ്യധാന്യം നഷ്ടപ്പെടു കയും കേടുവരികയും ചീയുകയുമില്ല. ഇത് ഈ അളവ് കുറയാനുള്ള കാരണം തിരിച്ചറിയണം. അത് അത്രയും അരിക്ക്, ഭക്ഷ്യധാന്യത്തിന്

സബ്സിഡി കൊടുക്കുവാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലായെന്നുള്ളത് തന്നെയാണ്. ഈ പ്രശ്നം വരുമ്പോൾ സ്വാഭാവികമായും അവിടെ ഭക്ഷ്യ ധാന്യം കേട് വരും. ആ കേടുവന്ന ഭക്ഷ്യധാന്യമാണ് ഇവിടെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ കത്തിക്കാനും കുഴിച്ചുമൂടാനുമുള്ള അവസരമുണ്ടായത്. കുഴിച്ച് മൂടിയതും കത്തിച്ചതും ഇവിടത്തെ 3 എം.എൽ.എ. മാർ നേരിട്ട് കണ്ടതാണ്. ഞാനും അത് കുഴിച്ച് മൂടിയത് കണ്ടതാണ്. അരി കുഴിച്ചുമൂടുകയാണ്. അരി കുഴിച്ച് മൂടുന്നതിലുള്ള വേദന കേരളീയർക്ക് ഏറ്റവും കൂടുതലുള്ളതാണ്. അതിന്റെ കാരണം ഞാൻ നേരത്തെ സൂചിപ്പിച്ചു. ഒന്നും കൂടി ആവർത്തിക്കുകയാണ്. അത് അരിയുടെ കുഴപ്പമല്ല. അവിടെയിരിക്കുന്ന ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥന്മാരുടെ കുഴപ്പവുമല്ല. പക്ഷേ അതൊരു നയത്തിന്റെ പ്രശ്നമാണെന്ന് തിരിച്ചറിയുമ്പോഴാണ്, ഇത് എൽ.ഡി.എഫ്-ന്റെയും യു.ഡി.എഫ്-ന്റെയും പ്രശ്നമല്ല. ഒരു ജനതയുടെ പ്രശ്നമാണെന്ന് നമ്മൾ തിരിച്ചറിയണം. അവിടെ അങ്ങനെ ടൺ കണക്കിന് അരി കുഴിച്ചമൂടുകയാണ്. 1.5 ടൺ അരി അവിടെ കുഴിച്ചു മൂടിയിരിക്കുകയാണ്. 1.5 ടൺ അരി മുളങ്കുന്നത്തുകാവ് ഗോഡൗണിൽ കുഴിച്ചുമൂടിയിരിക്കുകയാണ്. അത് കുഴിച്ചുമൂടാതിരിക്കാനുള്ള മാർഗ്ഗം സബ്സിഡി നൽകലാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചത് ആവർത്തിക്കുന്നില്ല. എത്ര സബ്സിഡി നൽകിയാലും കേടുവരുന്ന സാധനമായതുകൊണ്ട് കേടുവരുകതന്നെ ചെയ്യും. അതുകൊണ്ട് എനിക്കൊരു നിർദ്ദേശമുണ്ട്. അത് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണമെന്ന അപേക്ഷയുണ്ട്. 1.5 ടൺ അരി സ്റ്റീം ചെയ്താൽ അത് ചോറായി മാറും. 6 കിലോ ചോറിൽ നിന്ന് മൂന്ന്

മണിക്കൂർ കത്തിക്കാനുള്ള ഗ്യാസ് ലഭിക്കും. നാല് കോടി ടൺ അരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ കെട്ടിക്കിടക്കുകയാണ്. അതായത് 5 ടൺ അരി കുഴിച്ചുമൂടാൻ പോവുകയാണ്. (ഞാൻ കണക്കുകൾ വയ്ക്കാം സമയ മില്ലാത്തതുകൊണ്ടാണ്). അത്രയും അരിയുണ്ടെങ്കിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും അതിനുചുറ്റുമുള്ള പ്രദേശങ്ങളിലും ഗ്യാസ് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയും. ഭക്ഷ്യധാന്യം കൂടിവരുന്നു, ഉല്പാദനം കൂടിവരുന്നു, ശേഖരം കൂടി വരുന്നു, ജനങ്ങൾ കഷ്ടപ്പെടുന്നു ബാക്കിയു ള്ളത് കുഴിച്ചുമൂടുന്നു എന്നുള്ള പ്രശ്നം, കക്ഷി രാഷ്ട്രീയ പ്രശ്നമല്ല, ജനത യുടെ പ്രശ്നമാണ്. അതിന്റെ കാരണം ഞൻ നേരത്തെ സൂചിപ്പിച്ചതാണ്. നാല് നിർദ്ദേശങ്ങൾ ഞാൻ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ബഹു മാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും സർക്കാരും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് ഭക്ഷ്യധാന്യ സബ്സിഡി വർദ്ധിപ്പിച്ചാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. കേടുവന്ന അരി ഫലപ്രദമായി ഉപയോഗിക്കുക. ഗോഡൗണിൽനിന്ന് റീട്ടെയിലിലേയ്ക്ക് പോകുമ്പോൾ നിരവധി അഴിമതികൾ നടക്കുന്നുണ്ട്. സ്വകാര്യ മിൽ ഉടമകളുടെ ഇടപെടൽ പലപ്പോഴും റീട്ടെയിൽ കച്ചവടക്കാർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുന്നു. ഈ അഴിമതി അവസാനിപ്പിക്കാൻ നടപടിയെടുക്കുക. ബാങ്കുകൾ വഴി സബ്സിഡി നൽകുന്നത് സബ്സിഡി കുറയ്ക്കാനുള്ള തന്ത്രമാണ്. വളരെ ലളിതമായി ഞാൻ പറയാം. എന്റെ കൈയിൽ പത്ത് രൂപയുണ്ടെങ്കിൽ രണ്ട് രൂപയ്ക്ക് റേഷൻ കടയിൽനിന്ന് അരി കിട്ടിയാൽ ഞാൻ 5 കിലോ അരി വാങ്ങും. അഞ്ച് കിലോ അരി വാങ്ങുമ്പോൾ 35 രൂപ സബ്സിഡി കൊടുക്ക ണം. റേഷൻ കടയിൽ പത്ത് രൂപയ്ക്കേ അരി കിട്ടുകയുള്ളൂവെങ്കിൽ, എന്റെ

കൈയിൽ പത്ത് രൂപയേ ഉള്ളൂവെങ്കിൽ, ഞാൻ ഒരു കിലോ അരിയേ വാങ്ങു കയുള്ളൂ. അപ്പോൾ സബ്സിഡി ഏഴ് രൂപ കൊടുത്താൽ മതി. അത് സബ്സിഡി കുറയ്ക്കുന്ന തന്ത്രമാണ്. അതുകൊണ്ട് സബ്സിഡി കുറയ്ക്കാ നുള്ളതിന്റെ അടിസ്ഥാന പ്രശ്നം മനസിലാക്കിക്കൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കേരളത്തിന് ലഭിച്ചിട്ടുള്ള അരി പൂർണ്ണമായി എടുക്കാൻ കഴിയാത്ത അവസ്ഥ നമുക്കുണ്ട്. 2005-06-ൽ 3.63 ശതമാനവും 2006-07 -ൽ 12.62 ശതമാനവും 2007-08-ൽ 95.8 ശതമാനവും 2008-09-ൽ 85.13 ശതമാനവും അരിയാണ് ലിഫ്റ്റ് ചെയ്തിട്ടുള്ളത്. 2010-11, 2011-12 വർഷങ്ങ ളിലാണ് നൽകിയ അരി നൂറ് ശതമാനവും ലിഫ്റ്റ് ചെയ്യാൻ സാധിച്ചത്. 2005 -06-ൽ 1361040 ടൺ അരിയാണ് നൽകിയതെങ്കിൽ 2006-07-ലും പതിമൂന്ന് ലക്ഷംതന്നെയാണ് നൽകിയത്. പിന്നെ ഇത് കുറഞ്ഞുവന്നപ്പോൾ കേന്ദ്രം നമുക്ക് നൽകാതെ വരികയും 2010-11 ആയപ്പോൾ അത് 530556 ടണ്ണിൽ എത്തിനിൽക്കുകയുമാണ്. ഇപ്പോൾ മുഴുവൻ എടുക്കേണ്ട അവസ്ഥയുണ്ടായ പ്പോൾ അരിയില്ല. കാരണം കഴിഞ്ഞ കാലങ്ങളിൽ നമ്മൾ എടുത്തിരുന്നില്ല. ഇപ്പോൾ പൊതുമാർക്കറ്റിൽ വില കൂടുതലായി. കാരണം ആന്ധ്രപ്രദേശ് അരി കയറ്റുമതി ചെയ്യാൻ തുടങ്ങി. ഇത്തവണ 95 ലക്ഷം ടൺ അരി കയറ്റി അയച്ചു. കർണ്ണാടക ചുമന്ന അരിയുടെ ഉല്പാദനം നിർത്തി. തമിഴ്നാട് കാവേരി നദീജല പ്രശ്നം കാരണം അരിക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ആ സാഹചര്യത്തിൽ പൊതുമാർക്കറ്റിൽ അരിയുടെ വില കൂടിയതിനാൽ

ആളുകൾ റേഷൻ കടകളിലേയ്ക്ക് വരാൻ തുടങ്ങി. നേരത്തെ ലിഫ്റ്റ് ചെയ്ത അരി മുഴുവനും എടുക്കാത്തതുകൊണ്ട് നമ്മുടെ ക്വാട്ട .വളരെ കുറഞ്ഞ തിനാൽ അരിയില്ലാതെയായി. ഇനി ഒന്നിച്ച് അരി കിട്ടിയാൽത്തന്നെ അത് സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനം ഇപ്പോൾ എഫ്.സി.ഐ-ക്ക് ഇല്ല. കിട്ടുന്ന തിന്റെ മൂന്നിൽ ഒരു ഭാഗംപോലും സ്റ്റോക്ക് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് സംഭരണശേഷി വർദ്ധിപ്പിക്കണം. അതിനനുസരിച്ച് ഗവൺമെന്റ് ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സബ്സിഡിയെക്കുറിച്ച് ഇവിടെ പറഞ്ഞു. സബ്സിഡിയുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. 1.8 ലക്ഷം കോടി രൂപയാണ് കേന്ദ്രഗവൺമെന്റ് സബ്സിഡിയായി നൽകുന്നത്. ഈ സബ്സിഡി പലപ്പോഴും ജനങ്ങളുടെ കൈയിലേയ്ക്ക് എത്തുന്നില്ലെന്ന് കഴിഞ്ഞ കാലങ്ങളിൽ നമുക്ക് നൽകിയ അരി മുഴുവൻ ലിഫ്റ്റ് ചെയ്യാതെ പോകുന്നു എന്ന് പറയുമ്പോൾത്തന്നെ ഏറെക്കുറെ വ്യക്തമാകും. ഇത് സാധാരണക്കാരന്റെ കൈയിലേയ്ക്ക് എത്തണം. എല്ലാവർക്കും പർച്ചേസിംഗ് പവറുണ്ടാകണം, സ്വന്തമായി ജോലി ചെയ്ത് കാശുണ്ടാക്കി സമ്പാദിക്കാ നുള്ള അവസരം കിട്ടിയപ്പോൾ ഏത് ഗ്രാമീണനും ബാങ്കുമായി ബന്ധപ്പെട്ട് അവന്റെ വേതനം വാങ്ങാൻ പ്രാപ്തനാണെന്ന് തൊഴിലുറപ്പ് പദ്ധതിയിലൂടെ നമ്മുടെ രാജ്യം തെളിയിച്ചു. സബ്സിഡി കൂടി ആ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിച്ചു. വളരെ ശുഭകരമായ രീതിയാണ്. പന്ത്രണ്ട് ഡിജിറ്റൽ അക്കങ്ങളുള്ള ആധാർ കാർഡ് വഴി അത് സാധ്യമാക്കി യെടുക്കാൻ കഴിയുമെന്ന് പ്രധാനമന്ത്രി ചെയർമാനായുള്ള ഒരു കമ്മിറ്റി 2012 നവംബർ 26-ന് യോഗം ചേർന്ന് തീരുമാനിച്ചു. ആ തീരുമാനം ശരി യായിരുന്നു. 21 കോടി ആധാർ കാർഡ് ഇന്ത്യയിൽ ഇഷ്യൂ ചെയ്യാൻ

കഴിഞ്ഞു എന്നുമാത്രമല്ല എറണാകുളം ജില്ലയിലുള്ള എല്ലാവരും ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരികയും ചെയ്തു. അപ്പോൾ ഗവൺമെന്റിന് ഈ രംഗത്ത് പ്രതീക്ഷ കൂടി. ഇന്ത്യയിലെ പതിനഞ്ച് സംസ്ഥാനങ്ങളിലെ 51 ജില്ലക ളിൽ ഇത് നടപ്പാക്കാൻ കഴിയുമോയെന്നാണ് ഗവൺമെന്റിപ്പോൾ ആലോചി ക്കുന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ട് ബാങ്കുകളെ ഈ ചുമതല ഏൽപ്പി ക്കുന്നതോടുകൂടി രണ്ട് നാഷണലൈസ്ഡ് ബാങ്കുകൾ ഇന്ത്യയുടെ എല്ലാ മേഖലയിലേക്കും വരുന്നു. ബാങ്കുകളുടെ ശാഖ മാത്രമല്ല, ഇത് സാധാരണ ക്കാർക്കെത്തിക്കാൻവേണ്ടി മൊബൈൽ എ.ടി.എം സംവിധാനം ഏർപ്പെടു ത്തിക്കൊണ്ട് സാധാരണക്കാരന്റെ മുന്നിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു വലിയ മുന്നേറ്റമാണ് നടക്കാൻ പോകുന്നത്. സബ്സിഡി പൂർണ്ണമായും സാധാരണക്കാരന്റെ കൈയിലേക്കെത്തിക്കുകയെന്നുള്ള ഈ ദൗത്യം നിർവ ഹിക്കുകയും കേരളത്തിനാവശ്യമായ അരി കിട്ടുന്നതിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ചതുപോലെ ലാപ്സാകാത്ത ഒരവസ്ഥ ഉണ്ടാവുകയും ചെയ്യുകയെന്നതാണ് ഇതിനുള്ള ഏക പരിഹാരമാർഗ്ഗം. ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലി ക്കുയോ പ്രതികൂലിക്കുകയോ ചെയ്യേണ്ട കാര്യമില്ലെന്ന അഭിപ്രായമാണെനി ക്കുള്ളത്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ശ്രീ . വി.എസ്. സുനിൽ കുമാർ അവതിരപ്പിച്ച പ്രമേയത്തിൽ പറയുന്നത് 13.92 ടൺ ഭക്ഷ്യധാന്യവിഹിതം അടിയന്തരമായി പുന:സ്ഥാപിക്കണമെന്നാണ്. ഇപ്പോൾ 16 ലക്ഷം ടൺ ഉണ്ട്. പിന്നെ എങ്ങനെയാണ് പതിമൂന്നിലേയ്ക്ക് പോവുക. കേരളത്തിലെ ജനങ്ങ ളോട് ഉത്തരവാദിത്വമുള്ള വ്യക്തി എന്ന നിലയിൽ ശ്രീ. വി.എസ്. സുനിൽ കുമാർ ഈ പ്രമേയം പിൻവലിക്കണം. ഇല്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ

അങ്ങയെ ഓടിച്ചിട്ട് അടിക്കും. അത് കാണേണ്ട ഗതികേട് നമുക്കുണ്ടാകും. കാരണം പതിനാറ് ലക്ഷം ടൺ അരി ഇപ്പോൾത്തന്നെയുണ്ട്....... (ബഹളം).......

. ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ .........

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ.......

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, വളരെ ഉദ്ദേശ ശുദ്ധിയോടുകൂടി രാജ്യതാല്പര്യം മുൻനിർത്തിക്കൊണ്ട് കൊണ്ടുവന്ന പ്രമേയത്തെ അപഹസിക്കുകയും ആളുകൾ തല്ലുമെന്നൊക്കെ പറയുന്നത് ശരിയാണോ?

ശ്രീ. പി. സി. ജോർജ്: ശ്രീ. വി.എസ്. സുനിൽ കുമാർ, വിഷമിക്കേണ്ട. ആരെങ്കിലും തല്ലാൻ വന്നാൽ ഞാൻ കൂടുമെന്ന് തോന്നുന്നുണ്ടോ? ഞാൻ പറഞ്ഞത് പതിമൂന്ന് ലക്ഷം ടൺ ഭക്ഷ്യധാന്യം വേണമെന്ന് പറഞ്ഞ് അദ്ദേഹം പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾത്തന്നെ 16 ലക്ഷം ടൺ ഭക്ഷ്യധാന്യം ലഭിക്കുന്നുണ്ട്. ആ നിലയ്ക്ക് അങ്ങ് പ്രമേയം പിൻവലിക്കുമെന്ന് എനിക്ക് ബോധ്യമുണ്ടെന്നാണ് ഞാൻ പറഞ്ഞത്. മറ്റൊന്നും ഞാൻ പറഞ്ഞില്ല. പ്രമേയത്തിൽ, സ്വാഭാവികമായും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും വിലവർദ്ധനവുണ്ടാകുന്നു എന്നും പറഞ്ഞതിൽ ഞങ്ങൾക്ക് തർക്കമില്ല. പക്ഷേ അതവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ദക്ഷിണ ഭക്ഷ്യ മേഖലയെടുത്തുകഴിഞ്ഞാൽ നമുക്ക് നഷ്ടമാണ്. കേരളവും തമിഴ്നാടും ആന്ധ്രപ്രദേശും കർണ്ണാടകയുമുൾപ്പെട്ട ഒരു കൺസോർഷ്യം രൂപീകരിക്കുന്നത് ഗുണകരമാകുമെന്നാണ് എന്റെ അഭിപ്രായം. ആ അഭിപ്രായം പറയാനും ഞാൻ മടിക്കുന്നില്ല. ഇവിടെ കേരളത്തിലെ ജനങ്ങൾക്ക് ഇഷ്ടപ്പെട്ട അരിയെപ്പറ്റി ചർച്ച ചെയ്യണ്ടേ? മധ്യ തിരുവതാംകൂർ മേഖലയിൽ ചുമന്ന അരിയും മലപ്പുറം മേഖലയിൽ വെള്ള അരിയു

മാണ് ജനങ്ങൾക്കിഷ്ടം. ഈ കാര്യത്തിൽ എങ്ങനെ വീതിച്ചുനൽകാൻ കഴിയുമെന്ന് ആലോചിച്ച് മുന്നോട്ടുപോയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുപോലെ പൂഴ്ത്തിവയ്പിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഈ പ്രമേയം വളരെയേറെ തെറ്റിദ്ധാരണാജനകമാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് 2006 വരെ പ്രതിവർഷം 13.92 ലക്ഷം ടൺ അരി അനുവദിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ പ്രതിമാസം 36000 ടൺ അരി മാത്രമാണ് അനുവദിക്കുന്നതെന്നാണ്. വീണ്ടും പഴയതുപോലെ 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യമായി പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെടണമെന്നാണ്. 2006-07-ൽ 1929631 ടൺ അരിയാണ് നമുക്ക് ലഭിച്ചത്. ഇവിടെ സൂചിപ്പിച്ചിരിക്കുന്നത് 13.92 ലക്ഷം ടൺ എന്നാണ്. 19 ലക്ഷം ടണ്ണിൽ നിന്ന് 2006-നുശേഷം 2007-2008 കാലഘട്ടത്തിൽ കുറവ് വന്നിട്ടുണ്ട്. പിന്നെ വർദ്ധനവ് വന്നുകൊണ്ടിരിക്കുകയാണ്. 2006-ൽ 1929631 മെട്രിക് ടൺ അരി ലഭിച്ചപ്പോൾ 2007-ൽ ഒറ്റയടിക്ക് 882000 ടണ്ണായി കുറഞ്ഞു. അത് വീണ്ടും വർദ്ധിച്ച്, ഇപ്പോൾ 1274898 മെട്രിക് ടൺ അരി ലഭിക്കുന്നുണ്ട്. അതിനോടൊപ്പംതന്നെ 332000 മെട്രിക് ടൺ ഗോതമ്പും ഉൾപ്പെടെ ഈ വർഷം ലഭിച്ചിരിക്കുന്ന ഭക്ഷ്യധാന്യം 1605942 മെട്രിക് ടണ്ണാണ്. ഇവിടെ അദ്ദേഹം ആവശ്യപ്പെടുന്നത് 13.92 ലക്ഷം ഭക്ഷ്യധാന്യം വീണ്ടും പുന:സ്ഥാപിക്കണമെന്നാണ്. ഇപ്പോൾ 16 ലക്ഷത്തിൽപ്പരം

ലഭിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രമേയം ഒരു രീതിയിലും അംഗികരിക്കാൻ കഴിയുന്ന ഒന്നല്ല. ലിഫ്റ്റിംഗിൽ കുറവ് വന്നപ്പോഴാണ് അരിയുടെ വിഹിതം കുറഞ്ഞത്. 2001-02 കാലയളവുമുതൽ പരിശോധിച്ചാൽ ലിഫ്റ്റിംഗിൽ കുറവ് വന്നതിനനുസൃതമായി കേന്ദ്ര ഗവൺമെന്റ് വിഹിതം കുറച്ചു. പിന്നീട് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2011-12 -ൽ നമുക്ക് ലഭിച്ചിരുന്നത് 1278228 മെട്രിക് ടൺ അരിയായിരുന്നു. അത് പൂർണ്ണമായും ലിഫ്റ്റ് ചെയ്യാൻ നമുക്ക് സാധിച്ചു. സ്വാഭാവികമായും ലിഫ്റ്റിംഗ് വർദ്ധിക്കുന്നതിനനുസരിച്ച് അലോട്ട്മെന്റും വർദ്ധിച്ചിട്ടുണ്ട്. ഇതിനനുസൃതമായിത്തന്നെ വരുംവർഷങ്ങളിലും അലോട്ട്മെന്റ് വർദ്ധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ, ബി.പി.എൽ. വിഭാഗക്കാർക്ക് കൊടുക്കുന്നത് 25 കിലോ അരിയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എ.പി.എൽ. വിഭാഗത്തിനാണ് ആവശ്യമായ അരി ലഭിക്കാതിരുന്നത്. അതുകൊണ്ട് ഇത്തവണ ഒ.എം.എസ്. സ്കീമിൽ നിന്ന് കൂടുതലായി ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിരിക്കുന്നതിൽ എ.പി.എൽ. വിഭാഗം ആളുകളെ മാത്രം ടാർജറ്റ് ചെയ്താണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. 10 കിലോ അരി അവർക്കുമാത്രം വിതരണം ചെയ്യുന്നു. അതിനോടൊപ്പം സപ്ലൈ-കോ ഔട്ട്ലെറ്റിലൂടെ 25 കിലോ അരിയും എ.പി.എൽ. വിഭാഗത്തിന് ലഭ്യമാകുന്ന സാഹചര്യമുണ്ട്. അതായത് മൊത്തം 35 കിലോ ഭക്ഷ്യധാന്യം ഒരു എ.പി.എൽ. കാർഡുടമയ്ക്ക് കിട്ടുന്ന സാഹചര്യം ഒരുക്കിയിരിക്കുന്നു. അതിനുപുറമേ 10 കിലോ അരി അല്ലാതെയും ലഭിക്കുന്നു. അതായത് 45

കിലോ അരി ഒരു എ.പി.എൽ. കാർഡുടമയ്ക്ക് കിട്ടുന്ന സാഹചര്യം ഗവൺമെന്റ് ഒരുക്കിയിരിക്കുന്നു.

ശ്രീ. വി.എസ്. സുനിൽകുമാർ : സർ, കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത് അഡ്ഹോക്ക് വിഹിതമാണോ സ്ഥിരം വിഹിതമാണോ; മാത്രമല്ല കഴിഞ്ഞ ഓരോ മാസവും ലഭിച്ചിരിക്കുന്ന അരിയുടെ കണക്ക് അങ്ങേയ്ക്ക് പറയാമോ?

ശ്രീ. അനൂപ് ജേക്കബ് : സർ, രണ്ടുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കണക്കാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രമേയത്തിൽ കൊണ്ടുവന്നത് കടകവിരുദ്ധമായ കാര്യങ്ങളാണ്. അദ്ദേഹം പറഞ്ഞത് 2006 വരെ കേരളത്തിന് ലഭിച്ചിരുന്ന 13.92 ലക്ഷം ടൺ ഭക്ഷ്യധാന്യം വീണ്ടും വേണമെന്നാണ്. 2012-ൽ നമുക്ക് ലഭിക്കുന്നത് 1605942 ടൺ ഭക്ഷ്യധാന്യ മാണ്. അത്രയും ഭക്ഷ്യധാന്യം ലഭിക്കുമ്പോൾ കുറച്ചുമതിയെന്നാണോ കേന്ദ്ര ത്തിനോട് ആവശ്യപ്പെടേണ്ടത്. അഡ്ഹോക്ക് വിഹിതവും സ്ഥിരം വിഹിത മാണ് നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി.എസ്. സുനിൽകുമാർ : അഡ്ഹോക്ക് വിഹിതവും സ്ഥിരം വിഹിതവും വേർതിരിച്ചുള്ള കണക്കുണ്ടോ?

ശ്രീ. അനൂപ് ജേക്കബ് : വേർതിരിച്ചുള്ള കണക്കില്ല. മുഴുവനായിട്ടുള്ള കണക്കാണ് ഞാൻ പറഞ്ഞത്. വേർതിരിച്ചുള്ള കണക്ക് വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം. ഈ പ്രമേയം അടിസ്ഥാനരഹിതമാണ്. അത്തരത്തി ലുള്ള സാഹചര്യം നിലവിലില്ല. ഭക്ഷ്യക്ഷാമത്തെക്കുറിച്ച് പറഞ്ഞു. അരി കിട്ടാതെ കേരളത്തിൽ ആരും പട്ടിണി കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ................(ബഹളം).............. വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റിന്റെ

ഇടപെടൽമൂലം വിലക്കയറ്റം നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കിലോയ്ക്ക് 45 രൂപ വിലയുണ്ടെന്ന് ഇവിടെ പറഞ്ഞു. ഏത് ബ്രാൻഡ് അരിക്കാണ് ഈ വിലയുള്ളതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ കൊള്ളാമായിരുന്നു. 29 മുതൽ 35 രൂപ വരെയാണ് വിവിധയിനം അരികളുടെ വില. ഇന്നലത്തെ മാർക്കറ്റ് വിലയാണിത്. അരിക്ക് 45-ഉം 50-ഉം രൂപ വിലയുണ്ടെന്ന് പറഞ്ഞുപർവ്വതീകരിക്കുകയാണ്. പൊതു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഡിപ്പോയുടെ കാര്യം ഇവടെ സൂചിപ്പിച്ചു. മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഡിപ്പോയിൽ സംഭവിച്ചതെന്താണെന്ന് കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ വളരെ വ്യക്തമായി പറഞ്ഞതാണ്. ഏതായാലും കത്തിച്ചത് 1500 ടൺ അരിയെന്നുള്ളതിനുപകരം 1.5 ടണ്ണായി ചുരുക്കാൻ പ്രതിപക്ഷം സന്മനസ്സ് കാണിച്ചത് സ്വാഗതാർഹമാണ്. 1500 കിലോ അരി കത്തിച്ചപ്പോൾ 1500 ടണ്ണാണെന്നുപറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഏതായാലും മിസ്റ്റേക്ക് ഇന്നിവിടെ അഡ്മിറ്റ് ചെയ്തത് നന്നായി. 2009-10-ൽ 59 മെട്രിക് ടൺ അരിയും 2010-11-ൽ അരിയും ഗോതമ്പും ഉൾപ്പെടെ 98 മെട്രിക് ടൺ ഭക്ഷ്യധാന്യവുമാണ് നമ്മുടെ സംസ്ഥാനത്ത് വിവിധ എഫ്.സി.ഐ. ഡിപ്പോകളിൽ നശിപ്പിച്ചിട്ടുള്ളത്. ഇത് സ്റ്റോറേജിൽ നശിച്ചതല്ല. ഇപ്പോൾ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ.-യിൽ നശിപ്പിച്ചതും സ്റ്റോറേജിൽ അല്ല. ഇൻ-ട്രാൻസിറ്റിൽ നശിച്ചതാണ്. ട്രെയിൻ വാഗണിൽ ധാന്യം കൊണ്ടുവരുമ്പോൾ നനഞ്ഞുപോവുകയോ സിമന്റ് പാർട്ടിക്കിൾസ് കയറി ഭക്ഷ്യയോഗ്യമല്ലാതെയാവുകയോ ചെയ്യുന്ന

അരിയാണ് അത്തരത്തിൽ നശിപ്പിക്കപ്പെട്ടത്. സ്റ്റോറേജിൽ ഭക്ഷ്യധാന്യങ്ങൾ നശിച്ചുപോകുന്നുവെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലേക്ക് വരുന്നു വെന്നാണ് ഞാൻ സൂചിപ്പിച്ചത്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സ്റ്റോർ ചെയ്യുന്ന ഭക്ഷ്യധാന്യവും ഓഫ്ടേക്ക് ചെയ്യുന്ന ഭക്ഷ്യധാന്യവും തമ്മിൽ വളരെ glaring ആയിട്ടുള്ള വ്യത്യാസമുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ യുണ്ടെങ്കിൽ അവിടെയിരുന്ന് ഭക്ഷ്യധാന്യങ്ങൾ കേടുവരും. 49000 ടൺ അരി അവിടെ വരികയും 30000 ടൺ അരി അവിടെനിന്നും പോവുകയും ചെയ്താൽ ബാക്കി 19000 ടൺ അരി അവിടെയിരിക്കുകയാണ്. അവിടെ ഇരിക്കാനുള്ള കാരണമാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. അവിടെയിരുന്നാൽ ഇനിയും കേടുവരും.

ശ്രീ. അനൂപ് ജേക്കബ് : സർ, ലിഫ്റ്റിംഗിന് ഒരുകുറവും വരുത്തിയിട്ടില്ല. കൃത്യമായി ലിഫ്റ്റിംഗ് നടക്കുന്നുണ്ട്. അരി കെട്ടിക്കിടന്ന് മോശമാകുന്ന സാഹചര്യം ഇവിടെയില്ല. അതുണ്ടാവുകയുമില്ല. ഭക്ഷ്യസബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയിരുന്നു. എല്ലാവരുമായി വ്യക്തമായ ചർച്ചകളുടെ അടിസ്ഥന ത്തിൽ മാത്രമേ ആ പദ്ധതി നടപ്പിലാക്കുകയുള്ളൂ. ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് സബ്സിഡികളുടെ ഡൈവേർഷൻസ് ഒഴിവാകുകയെന്നുള്ള താണ്. ഗവൺമെന്റ് ലഭ്യമാക്കുന്ന തുക യഥാർത്ഥ ബെനിഫിഷ്യറീസിന് കിട്ടണമെന്നുമാത്രമാണ് സർക്കാർ ഉദ്ദേശിച്ചിരിക്കുന്നത്. ആ സദുദ്ദേശത്തോ ടെയാണ് ഇക്കാര്യവുമായി നീങ്ങുന്നത്. കേന്ദ്രഗവൺമെന്റ് സബ്സിഡി മാറ്റുന്നതുസംബന്ധിച്ച് ഔദ്യോഗികമായ ഒരറിയിപ്പും സ്റ്റേറ്റ് ഗവൺമെന്റിന്

ലഭിച്ചിട്ടില്ല. വ്യക്തമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ പദ്ധതികൾ നടപ്പിലാക്കുകയുള്ളൂവെന്ന് ഞാൻ ആവർത്തിച്ച് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഈ പ്രമേയം അംഗീകരിക്കേണ്ടതായിട്ടില്ല.

മി. സ്പീക്കർ : ശ്രീ. വി. ശിവൻകുട്ടി, അങ്ങയുടെ 5-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി : സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടിപിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 6-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ : സർ ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടിപിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. വി.എസ്. സുനിൽ കുമാർ, അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി.എസ്. സുനിൽ : സർ, ഞാൻ പ്രമേയം പ്രസ്സ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീമതി ഇ. എസ്. ബിജിമോൾ
6. ശ്രീ. ഇ. ചന്ദ്രശേഖരൻ
7. ശ്രീമതി ഗീതാ ഗോപി
8. ശ്രീ. എം. ഹംസ

9. ശ്രീമതി ജമീലാ പ്രകാശം
10. ശ്രീ. ജി. എസ്. ജയലാൽ
11. ശ്രീമതി കെ. കെ. ലതിക
12. ശ്രീ. കെ.കെ. നാരായണൻ
13. പ്രൊഫ. സി. രവീന്ദ്രനാഥ്
14. ശ്രീ. സാജു പോൾ
15. ശ്രീ. വി. ശിവൻകുട്ടി
16. ശ്രീ. വി. എസ്. സുനിൽകുമാർ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ബെന്നി ബെഹനാൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. എ. റ്റി. ജോർജ്
13. ശ്രീ. പി. സി. ജോർജ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീമതി പി. കെ. ജയലക്ഷ്മി
16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. ജോസഫ് വാഴക്കൻ
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. ലൂഡി ലൂയിസ്
21. ശ്രീ. പി. എ. മാധവൻ
22. ശ്രീ. സി. മമ്മൂട്ടി
23. ശ്രീ. കെ. പി. മോഹനൻ
24. ശ്രീ. സി. പി. മുഹമ്മദ്
25. ശ്രീ. ആര്യാടൻ മുഹമ്മദ്
26. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
27. ഡോ. എം. കെ. മുനീർ
28. ശ്രീ. കെ. മുരളീധരൻ
29. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
30. ശ്രീ. ഉമ്മൻ ചാണ്ടി

31. ശ്രീ. അടൂർ പ്രകാശ്
32. ശ്രീ. റ്റി. എൻ. പ്രതാപൻ
33. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
34. ശ്രീ. പാലോട് രവി
35. ശ്രീ. വി. പി. സജീന്ദ്രൻ
36. ശ്രീ. എൻ. ശക്തൻ
37. ശ്രീ. വി. ഡി സതീശൻ
38. ശ്രീ. ഷാഫി പറമ്പിൽ
39. ശ്രീ. കെ. എം. ഷാജി
40. ശ്രീ. എൻ. ഷംസുദീൻ
41. ശ്രീ. ഷിബു ബേബി ജോൺ
42. ശ്രീ. കെ. ശിവദാസൻ നായർ
43. ശ്രീ. സണ്ണി ജോസഫ്
44. ശ്രീ. സി. എഫ്. തോമസ്
45. ശ്രീ. പി. ഉബൈദുള്ള
46. ശ്രീ. എം. ഉമ്മർ
47. ശ്രീ. എം. പി. വിൻസെന്റ്
48. ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ: 16

പ്രതികൂലിക്കുന്നവർ: 48

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

പ്രമേയം സഭ തള്ളിയിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

2001-ൽ നിയമസഭ പാസ്സാക്കിയ 'കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം' കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച പൊതു സമൂഹത്തിൽ വലിയ ആശങ്ക ഉയർത്തിയിട്ടുണ്ട്. അനധികൃത മണൽ വാരൽ തടയുന്നതിന് സർക്കാർ ആത്മാർത്ഥമായി ശ്രമിച്ചിട്ടും സർക്കാർ സംവിധാനങ്ങളെ അട്ടിമറിച്ചുകൊണ്ട് മണൽ മാഫിയ

നടത്തുന്ന ശക്തമായ പ്രവർത്തനങ്ങൾ ഗുരുതരമായ പാരിസ്ഥിതിക - സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഇതുമൂലം കുടിവെള്ളക്ഷാമവും കാർഷിക മേഖലയിലെ ജലദൗർലഭ്യവും പാവപ്പെട്ടവർക്കും സാധാരണ ക്കാർക്കും നിർമ്മാണാവശ്യത്തിനായി ചുരുങ്ങിയ നിരക്കിൽ മണൽ ലഭിക്കാത്ത ദുരവസ്ഥയും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

പുഴകൾ ഉൾപ്പടെയുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കിയും പാരിസ്ഥിതികമായ സന്തുലിതാവസ്ഥ ഉറപ്പുവരുത്തിയും നദികളിൽ നിന്ന് എടുക്കാവുന്ന മണലിന്റെ അളവ് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയും അധികമായി വേണ്ടിവരുന്ന മണൽ ലഭ്യമായ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പ്രയോജന പ്പെടുത്തിയും മണൽ വിതരണ രംഗത്തെ ചൂഷണവും മാഫിയാ വൽക്കരണവും ഒഴിവാക്കിയും നിർമ്മാണ മേഖല മണൽ ദൗർലഭ്യം മൂലം സ്തംഭിക്കാതിരിക്കുന്നതിന് സർക്കാർ ഈ രംഗത്ത് അടിയന്തരമായി ഇടപെണ്ടേത് അനിവാര്യമാണ്.

ആയതിനാൽ, നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും ശാസ്ത്രീയ മായ പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഈ മേഖലയിലെ വിദഗ്ദ്ധരും പരിസ്ഥിതി പ്രവർത്തകരും ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും അടങ്ങിയ ഒരു വിദഗ്ദ്ധ സമിതിയെ അടിയന്തരമായി നിയോഗിച്ച് സമയ ബന്ധിതമായി പഠന റിപ്പോർട്ട് തയ്യാറാക്കി കാര്യക്ഷമമായി നടപ്പാക്കണ മെന്നും ഭാവിതലമുറക്ക് വേണ്ടി കരുതിവയ്ക്കാനുള്ള മണ്ണും ജലവും വായുവും ജീവജാലങ്ങളുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഒരു സമഗ്ര പരിസ്ഥിതിനയം രൂപീകരിക്കണ മെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഈ പ്രശ്നം ഒരു ക്രമസമാധാന പ്രശ്നവും. സാമൂഹ്യ പ്രശ്നവുമായി മാറുകയാണ്. അതോടൊപ്പംതന്നെ വലിയ പാരിസ്ഥിതിക വുമായ പ്രശ്നമായി മാറുകയാണ്. നമ്മുടെ 44 നദികളും അമിതമായ മണൽവാരൽമൂലം മരണാവസ്ഥയിൽ എത്തിയിരിക്കുന്നു. ഇന്ന് രാവിലെ ശ്രീ. ശിവദാസൻ നായർ പമ്പാനദിയെക്കുറിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ സഭയിൽ കൊണ്ടുവന്നു. ശ്രീ. വി. ഡി. സതീശൻ ഇന്നവതരിപ്പിച്ച സബ്മിഷനിൽ മൈനിംഗിനെക്കുറിച്ചു പറഞ്ഞു. അതിന്റെ അനന്തരഫലവും പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നം തന്നെയാണ്. ഇന്നലെ അങ്ങ് പ്രത്യേക താല്പര്യമെടുത്ത് അനുവദിച്ച ഒന്നര മണിക്കൂർ ചർച്ചയെന്നത് അങ്ങ് കൊടുത്ത ഔദാര്യംമൂലം മൂന്നരമണിക്കൂർ അതായത് രാത്രി 9.30 മണിവരെ ഈ സഭയിലെ സിംഹഭാഗം അംഗങ്ങളും ഇരുന്ന് ചർച്ച ചെയ്യപ്പെട്ടതും നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ പാരിസ്ഥിതക പ്രശ്ന ങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നദികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. ഈ സെക്ഷൻ ഒരു ചെറിയ നിയമനിർമ്മാണത്തിനു വേണ്ടിയുള്ള സെക്ഷനായിട്ടുപോലും ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ടത് നദികളുമായി ബന്ധപ്പെട്ടതും മണൽവാരലുമായി ബന്ധപ്പെട്ടതും പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ടതും പരിസ്ഥിതി ധ്വംസനവുമായി ബന്ധപ്പെ ട്ടതും മുനഷ്യന്റെ നിലനില്പിനുവേണ്ടിയുള്ള പ്രധാനപ്പെട്ട ഘടകങ്ങളുമായി ബന്ധപ്പെട്ടതുമാണ്. കേരള നിയമസഭ നമ്മുടെ സമൂഹത്തിന്റെ കണ്ണാടി

യായി മാറുന്നതിന് ഏറ്റവും വലിയ തെളിവാണിത്. ഇന്ന് നമ്മുടെ മാധ്യമങ്ങളും സമൂഹവും ഏറ്റവും കൂടുതൽ ആശങ്കയോടുകൂടി കാണുന്ന ഒന്നാണ് നദികളുമായി ബന്ധപ്പെട്ട കാര്യം. എന്തുകൊണ്ട് നമുക്ക് നമ്മുടെ നദികളെ സംരക്ഷിക്കാൻ കഴിഞ്ഞില്ല.

ശ്രീ. പാലോട് രവി: സർ, പശ്ചിമഘട്ടനിരകൾ ഉൾപ്പെടെ കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും സുപ്രധാനമായ ഒരു ചർച്ചയാണ് ഇന്നലെ രാത്രി 9.30 മണിവരെ നമ്മുടെ നിയമസഭയിൽ നടന്നത്. ഈ മേഖലയിൽ കുറേയെങ്കിലും സംഭാവന ചെയ്തിട്ടുള്ള ആളാണ് നമ്മുടെ പ്രതിപക്ഷ നേതാവ്. പക്ഷെ അദ്ദേഹം സഭയിൽ ഉണ്ടായിരുന്നില്ല. ഞാൻ ഇന്നലെ ത്തന്നെ ഇത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിച്ച കാര്യമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ആശയപരമായും രാഷ്ട്രീയമായും വിയോജിപ്പുണ്ടെങ്കിലും പ്രകൃതിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ അദ്ദേഹം ചിലപ്പോഴൊക്കെ എടുക്കുന്ന നിലപാട് അകലെമാറിനിന്ന് ബഹുമാനത്തോടുകൂടി കണ്ടിട്ടുള്ളതാണ്. പക്ഷെ ഇന്നലെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ചർച്ച നടന്നപ്പോഴും ഇന്ന് നദികളെ ബാധിക്കുന്ന മണൽ മാഫിയയുമായി ബന്ധപ്പെട്ട ഏറ്റവും ഗുരുതരമായ കാര്യം ചർച്ചചെയ്യുമ്പോഴുമുണ്ടായ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യം, അദ്ദേഹത്തിന് എവിടെയോ നിന്ന് ചില വിലക്കുകളും തടസ്സങ്ങളുമുണ്ടെന്നാണ് ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ

മി. സ്പീക്കർ: എന്താണ് പോയിന്റ് . പോയിന്റ് പറയൂ..

ശ്രീ. വി. ശിവൻകുട്ടി: സർ, പ്രതിപക്ഷ നേതാവിന് സുഖമില്ലാത്തതു കൊണ്ടാണ് ഇന്നലെ ഉച്ചയ്ക്കുശേഷം സഭയിൽ വരാത്തത്. അക്കാര്യം അറിയാതെയാണ് ഇവിടെ സംസാരിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം അങ്ങ് അവതരിപ്പിക്കുകയാണ്. നമ്മുടെ നദികളിൽ പൂർണ്ണമായും ഇപ്പോൾ മണൽ ഇല്ലാത്ത അവസ്ഥയുണ്ട്. മണലില്ലെങ്കിൽ കരയിടിച്ച് മണലെടുത്ത് കൊണ്ടുപോകുന്ന ഒരവസ്ഥയാണ്. മണൽ വാരൽ നിർബാധം നടക്കുന്നു. മണലിന്റെ വിലകൂടുന്നു. പക്ഷെ ഇത് പരിശോധിക്കാൻ ഒരു നടപടിയില്ല. ഇത് രാഷ്ട്രീയക്കാരും ഉദ്യോസ്ഥരും മറ്റ് തൊഴിലാളികളും എല്ലാം ചേർന്നു കൊണ്ടുള്ള ഒരു മാഫിയയാണ്. ഈ മാഫിയയെ നിലയ്ക്ക് നിറുത്തുന്നതിനു വേണ്ടിയിട്ടുള്ള നടപടികളെടുക്കണമെന്നല്ലേ അങ്ങ് ആവശ്യപ്പെടുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, മണൽ വാരലിനും നദികൾ മലിനീക രിക്കുന്നതിനും എതിരെ ഇപ്പോൾത്തന്നെ ശക്തമായ നിയമങ്ങളുണ്ടെങ്കിലും ഈ നിയമങ്ങൾ കടലാസ്സിൽ മാത്രമാണ്. നിയമങ്ങൾ കടലാസ്സിലും നിയമ ലംഘനം നദികളിലും എന്നനിലയിലാണ് ഇപ്പോഴത്തെ പോക്ക്. പോലീസ്, റവന്യൂ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നീ വകുപ്പുകളിലെ ഒരു വിഭാഗം ഉദ്യോഗസ്ഥന്മാരും ഒരു വലിയ സാമ്പത്തിക ലോബിയും കൂടി ച്ചേർന്നുകൊണ്ടുള്ള വലിയ മാഫിയ കൂട്ടുകെട്ട് നമ്മുടെ സംസ്ഥാനത്ത് നില നിൽക്കുകയാണ്. അത് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ; അതിനുവേണ്ടി നിലവിൽ നിയമമുണ്ടെങ്കിലും നിയമങ്ങളെ അനുസരിക്കാത്ത, നിയമങ്ങളെ ചോദ്യം ചെയ്യുന്ന, നിയമങ്ങളൊന്നും ഞങ്ങൾക്ക് ബാധകമല്ലന്ന് പറയുന്ന മാഫിയാ കൂട്ടുകെട്ടിനെ തകർക്കാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. നമുക്കൊരു സോഷ്യൽ

ആഡിറ്റിംഗ് ഇല്ല. നിർമ്മാണപ്രവർത്തനങ്ങൾ നിശ്ചലമായിക്കൂട, മണൽ വേണം. ആ മണൽ നമ്മുടെ നദികളിൽനിന്നും ഏതളവുവരെ എടുക്കാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് ശാസ്ത്രീയമായൊരു നിഗമനമില്ല. അതിനാവശ്യമായ ശാസ്ത്രീയമായ നിഗമനം ആദ്യമെടുക്കണം. അതിനു ശേഷം ആവശ്യമായ മണൽ വേണമെങ്കിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരാം. തമിഴ്നാട്, കർണ്ണാടക, ആന്ധ്ര ഉൾപ്പെടെയുള്ള സംസ്ഥാന ങ്ങളിൽ നിന്നും ആവശ്യമായ മണൽ കൊണ്ടുവന്നാൽ ഇപ്പോൾ പുഴകളിൽ നിന്നും എടുക്കുന്ന മണലിനേക്കാൾ കുറഞ്ഞ വിലയ്ക്ക് കൊടുക്കാൻ കഴിയും.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, ഈ മണൽ ഓരോ നദിയിൽ നിന്നും എടു ക്കുന്നത് സെസ്സ് ഉണ്ടാക്കിയ കണക്ക് അനുസരിച്ചാണ്. ആ കണക്കനുസരി ച്ചുള്ള മണലും അതിന്റെ എത്രയോ ആയിരക്കണക്കിന് ഇരട്ടി മണലും എടുത്തു കഴിഞ്ഞു. സെസ്സിന് ഇതിനെക്കുറിച്ച് ഒരു വിവരവുമില്ല. അതുകൊണ്ട് മണലിനെക്കുറിച്ചുള്ള ഒരു പുതിയ കണക്കെടുപ്പ് സെസ്സ് നടത്തേണ്ടത് അത്യാവശ്യമല്ലേ; എന്നിട്ടുവേണ്ടേ ഇനി മണൽ കൊടുക്കണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, പരിസ്ഥിതി ആഘാത പഠനം സെസ്സാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സെസ്സ് ഇതിന് അനുയോജ്യമായ ഏജൻസി അല്ല എന്നിപ്പോൾ വന്നിരിക്കുകയാണ്. അപ്പോൾ ആരാണ് നദികളിലെ മണൽ വാരൽ സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തേ ണ്ടത്, ആരാണ് ഇതിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാക്കേണ്ടത്?

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, അതുകൊണ്ടുതന്നെയാണ് ഒരു വിദഗ്ധ സമിതിയെ നിയമിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

യോട് ആവശ്യപ്പെടുന്നത്. നമ്മുടെ പുഴകളിൽനിന്നും ഏത് അളവുവരെ മണൽ എടുക്കാം, എവിടെ നിന്നൊക്കെ എടുക്കാം എന്നതുസംബന്ധിച്ച് ആ വിദഗ്ധ സമിതി ശാസ്ത്രീയമായി പഠിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്തില്ലെങ്കിൽ ഈ 44 നദികളും മരിക്കും, നദികൾ മരിക്കാൻ അവസരമുണ്ടാക്കരുത്. കേരളമിന്ന് ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്ന, നമ്മുടെ പുഴകളെ സംരക്ഷിക്കാൻ വേണ്ടിയുള്ള ഈ പ്രമേയം സഭ ഐക്യകണ്ഠേന അംഗീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നു. നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, ഇന്ന് പല്ലും നഖവും നഷ്ടപ്പെട്ട ഒരു നിയമമാണ്. അത് അങ്ങനെയാക്കിയെടുക്കുന്നതിൽ നമ്മുടെ ഉദ്യോഗസ്ഥർ മാത്രമല്ല ബഹുമാനപ്പെട്ട കോടതികൂടി ഈ നിയമത്തിന്റെ കർക്കശ സ്വഭാവത്തെ ഇല്ലാതാക്കാൻവേണ്ടി സഹായിച്ചിട്ടുണ്ട് എന്നുള്ളതാണ് വാസ്തവം. നമുക്കെല്ലാം അറിയാവുന്നതുപോലെ ഞങ്ങൾ കഴിഞ്ഞ ദിവസം നെയ്യാറിൽ പോയി. ഭയാനകമായ, കരളലിയിക്കുന്ന കാഴ്ചയാണ് കേരളത്തിലെ നദികളിലെല്ലാം കാണുന്നത്. നദിയിലെ മണൽ വാരിത്തീർന്നിരിക്കുന്നു. ഇപ്പോൾ കരയിടിച്ച് മണൽ വാരാൻ തുടങ്ങിയിരിക്കുന്നു. പിന്നെ കരയിൽ വിലകുറഞ്ഞ സ്ഥലങ്ങൾ വാങ്ങി അവിടെ കരമണൽ ഖനനം ചെയ്യുകയാണ്. 50 മീറ്ററിലും 100 മീറ്ററിലും ആഴത്തിൽ മുങ്ങാംകുഴിയിട്ട് മണൽ എടുക്കുകയാണ്, അതിന് തമിഴ്നാട്ടിൽ നിന്ന് തൊഴിലാളികൾ വരികയാണ്. ഭൂമുഖത്തുനിന്നും ചില പ്രദേശങ്ങൾ മറഞ്ഞുകൊണ്ടിരിക്കുകയാണ്. കൊല്ലം ജില്ലയിലെ പടിഞ്ഞാറേക്കല്ലട എന്നു പറയുന്ന മനോഹരമായ ഒരു ഗ്രാമത്തിന്റെ 95 ശതമാനവും ഇന്ന് ഭൂമുഖത്തു

നിന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. അവിടെ വെള്ളം മാത്രമാണുള്ളത്. നദി എങ്ങോട്ടാണ് ഒഴുകേണ്ടത് എന്ന് നദിക്കുപോലും അറിയാൻ കഴിയാത്ത അവസ്ഥയിലേക്ക് കര മുഴുവൻ ഇടിച്ച് പോകുകയാണ്. നമ്മുടെ വെള്ള ത്തിന്റെ ഒഴുക്ക് മുഴുവൻ നിലയ്ക്കുകയാണ്. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഇതുമൂലം ഉണ്ടാകുന്നത്. വലിയ ജലക്ഷാമം നമ്മൾ നേരിടു കയാണ്. ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ വരൾച്ചയേയും കാത്ത് നമ്മളിവിടെ ഇരിക്കുകയാണ്. വരാനിരിക്കുന്ന വർഷങ്ങളിൽ നമ്മുടെ നദികൾ വരണ്ടുപോകുകയും നമുക്ക് വെള്ളമില്ലാതാകുകയും ചെയ്യും. നമുക്ക് എവിടെനിന്ന് വെള്ളം കൊണ്ടുവരാൻ സാധിക്കും? ഈ ഗുരുതര മായ പ്രതിസന്ധിയെ നമ്മൾ കാണാതെപോയാൽ എവിടെയാണ് നാം എത്തിച്ചേരാൻ പോകുന്നത്? ഞാനിവിടെ കഴിഞ്ഞ ദിവസം സൂചിപ്പിച്ചു മണൽ വാരി വാരി സീബെഡിനേക്കാൾ താഴെയായി റിവർബെഡ്. സാധാരണ പുഴ പോകുന്നത് കടലിലേക്കാണ്. കടലിനെ അന്വേഷിച്ച് പോകുന്ന, കടലിനെ പ്രണയിക്കുന്ന പുഴയെക്കുറിച്ച് കവികൾ എഴുതിയിട്ടു ണ്ട്. ഇപ്പോൾ പുഴ കടലിനെ അന്വേഷിച്ച് വരാത്തതുകൊണ്ട് കടൽ പുഴയെ ത്തേടി തിരിച്ചുവരികയാണ്. കിഴക്കോട്ടൊഴുകയാണ് കടൽ. ഉപ്പുവെള്ളവു മായി വരുന്ന കടൽ ലോകാവസാനത്തിന് സമാനമായ തരത്തിൽ, ആഗോള താപനം വന്നാൽ നമ്മുടെ മഞ്ഞുമലകൾ ഉരുകി കടലിലെ വെള്ളം ഉയർന്ന് ആ ഉപ്പുവെള്ളം കരയിലേക്ക് കയറി നമ്മുടെ ഭക്ഷ്യ ഉത്പാദനസ്ഥലങ്ങളായ കൃഷിയിടങ്ങൾ മുഴുവൻ ഇല്ലാതായി ജനങ്ങൾ പട്ടിണി കിടന്ന് മരിക്കും, അങ്ങനെ ലോകാവസാനം ഉണ്ടാകും എന്നാണ് പറയുന്നത്.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ ആളുകളെ ഇങ്ങനെ പേടിപ്പിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ആഗോള താപനത്തെക്കുറിച്ച് പറയുന്നതാണ്. പക്ഷേ, ഇങ്ങനെപോയാൽ ആഗോളതാപനത്തിനുവേണ്ടി നമുക്ക് കാത്തിരിക്കേണ്ടി വരില്ല. കാരണം, കടൽ ഇപ്പോൾത്തന്നെ കരയിലേക്ക് വരികയാണ്. നമ്മുടെ നദിക്കരയിലുള്ള, ആ നദികൊണ്ട് ഉപ ജീവനം നടത്തുന്ന സാധാരണക്കാരായ കർഷകരെ മുഴുവൻ ദുരിതത്തി ലാഴ്ത്തി അവരുടെ കൃഷിയിടങ്ങൾ മുഴുവൻ തകർക്കും. ആ ഓരു വെള്ളം മൂലം കൃഷിക്കാർ ഉപയോഗിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾക്ക് പമ്പ് ചെയ്യാൻ സാധിക്കാത്ത അവസ്ഥ വരും. പിന്നേയും ആ ഓരുവെള്ളം പോകുന്നത് കുടിവെള്ളം പമ്പുചെയ്യുന്ന ജലവിതരണ സംവിധാനത്തിലേക്കാ ണ്. അതെല്ലാം നിർത്തിവയ്ക്കേണ്ടിവരുമ്പോൾ കേരളത്തിലുണ്ടാകുന്നത് കലാപ സമാനമായ ഒരു അന്തരീക്ഷമാകും. ഞാനും കരുതിയിരുന്നത് ഈ സാഹചര്യങ്ങൾ ഉണ്ടാകാൻ കുറേ വർഷങ്ങൾ വേണ്ടിവരും എന്നാണ്. പക്ഷേ നമുക്കിപ്പോൾ അറിയാം അത് ഈ വർഷമോ അടുത്ത വർഷമോ അല്ലെങ്കിൽ വരാനിരിക്കുന്ന രണ്ടുമൂന്നു വർഷങ്ങളിൽ കേരളം കാണാൻ പോകുന്ന ഒരു കാര്യമാണ്. ഞാൻ പറയുന്നത് നിയമസഭയുടെ റിക്കോർഡിൽ കിടക്കുകയാണല്ലോ, നമുക്കിത് വീണ്ടും പരിശോധിക്കാം. ഇപ്രാവശ്യം 54 മണിക്കൂർ പെരിയാറിലെ പമ്പിങ് നിർത്തിവച്ചപ്പോൾ മൂന്നാഴ്ചയാണ് വിശാലകൊച്ചിയിലെ കുടിവെള്ള വിതരണം ഡിസോർഡറി ലായത്. അടുത്തമാസം ഒരു മാസം പമ്പിംഗ് നിർത്തിവച്ചാൽ മൂന്നു മാസത്തേക്ക് വെള്ളം കൊടുക്കാൻ കഴിയാത്ത അവസ്ഥ വരും. ഇത് ശാസ്ത്രീയമായി നിശ്ചയിക്കണം. സെസ്സാണ് തെക്കോട്ടുള്ള ജില്ലകളിൽ ഇതുസംബന്ധിച്ച് പഠനം നടത്തുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അടുത്ത തവണ ഈ പ്രമേയം തുടരാവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവുചെയ്ത് അവരവരുടെ സീറ്റുകളിൽ ഇരിക്കണം സഭ അനിശ്ചിതകാലത്തേക്ക് പിരിയുകയാണ് ഇനി യെങ്കിലും അവരവരുടെ സീറ്റുകളിലിരിക്കൂ, പ്ലീസ്.. മൂന്ന് നാല് മിനിറ്റേ ഉള്ളൂ. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ മലയാള പരിഭാഷ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുമെന്ന് ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നതാണ്. അത് ഇന്ന് വൈകുന്നേരത്തിനുള്ളിൽത്തന്നെ എല്ലാവരു ടേയും റൂമുകളിൽ എത്തിക്കുന്നതാണ്.

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി.എസ്. സുനിൽകുമാറും ശ്രീ. വി.ടി. ബൽറാമി നെതിരെ ശ്രീമതി ഇ.എസ്. ബിജിമോളും ബഹുമാനപ്പെട്ട മത്സ്യബനന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ.ബാബു, ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് എന്നിവർക്കെതിരെ ശ്രീ. വി. ചെന്താമരാക്ഷനും ബഹുമാന പ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കെതിരെ ശ്രീ. പി. ശ്രീരാമകൃഷ്ണനും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചു.

### **പരിഗണനയിലിരിക്കുന്നവ**

(1) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസ്.

(2) ശ്രീ. ആർ. രാജേഷ് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെ തിരെ നൽകിയ നോട്ടീസ്.

(3) പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. ബെന്നി ബെഹനാൻ നൽകിയ നോട്ടീസ്.

(4) ശ്രീ. കെ. ദാസൻ അദ്ദേഹത്തെ മർദ്ദിച്ച പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കെതിരെ നൽകിയ നോട്ടീസ്.

(5) വിദ്യാഭ്യാസ മന്ത്രിക്കെതിരെ ശ്രീ. എം. എ. ബേബി നൽകിയ നോട്ടീസ്.

(6) ഗവൺമെന്റ് ചീഫ് വിപ്പിനെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ നൽകിയ നോട്ടീസ്.

(7) ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോടി യേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസ്.

(8) നിയോജകമണ്ഡലത്തിലെ പൊതു പരിപാടിയിൽ വേണ്ടത്ര പരിഗണന നൽകിയില്ലെന്നുകാണിച്ച് സർവ്വശ്രീ കെ. മുരളീധരൻ, എസ്. രാജേന്ദ്രൻ എന്നിവർ നൽകിയ നോട്ടീസുകൾ

(9) നിയോജകമണ്ഡലങ്ങളിലെ പൊതുപരിപാടികളിലേക്ക് ക്ഷണി ക്കാത്തവർക്കെതിരെ സർവ്വശ്രീ. സി. പി. മുഹമ്മദ്, സി. ദിവാകരൻ,. ജി. സുധാകരൻ, ബി. സത്യൻ, കെ. എം. ഷാജി, ടി. വി. രാജേഷ്, പി. ടി. എ. റഹീം, വി. ശിവൻകുട്ടി, കെ. എൻ. എ. ഖാദർ എന്നിവർ നൽകിയ നോട്ടീസുകൾ.

(10) ടെലിഫോൺ സംഭാഷണം ചോർത്തിയതുസംബന്ധിച്ച് ശ്രീമതി കെ. കെ. ലതിക നൽകിയ നോട്ടീസ്.

(11) കോവളം ഗസ്റ്റ്ഹൗസിൽ മുറി അനുവദിക്കാത്തവർക്കെതിരെ ശ്രീ. കെ. അജിത് നൽകിയ നോട്ടീസ്.

(12) പറവൂർ ജനമൈത്രി പോലിസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ റഷീദിനെതിരെ ശ്രീ. ജി.എസ്. ജയലാൽ നൽകിയ നോട്ടീസ്

വിശദമായ റൂളിംഗ് ലൈബ്രറിയിൽ നിന്നും ലഭിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭ മുൻപാകെ വയ്ക്കാൻ മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

**അവലോകനം**

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. ഡിസംബർ 10 മുതൽ 21 വരെ 10 ദിവസങ്ങളിൽ സഭ സമ്മേളിക്കുകയുണ്ടായി. മുൻ പ്രധാനമന്ത്രി ഐ. കെ. ഗുജ്റാളിന് ആദരാഞ്ജലികൾ അർപ്പിച്ച് ഡിസംബർ 10-ന് സഭ പിരിഞ്ഞു. രണ്ടാം ദിവസം, അന്തരിച്ച മുൻ ഗവർണ്ണർ, മുൻ നിയമസഭാംഗങ്ങൾ എന്നിവർക്ക് ചരമോപചാരമർപ്പിച്ചു. പ്രധാനമായും നിയമനിർമ്മാണം ലക്ഷ്യമായിട്ടുള്ള ഈ സമ്മേളനത്തിൽ 6 ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകൾ വിശദമായ ചർച്ചകൾക്കുശേഷം പാസ്സാക്കി. രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതിയോടുകൂടി ഗവർണ്ണർ തിരിച്ചയച്ച 2009-ലെ രജിസ്ട്രേഷൻ ബിൽ പുന:പരിശോധിച്ച് പാസ്സാക്കി. 2012-13 വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥന ചർച്ച ചെയ്ത് പാസ്സാക്കി. അതിന്റെ ധനവിനിയോഗ ബിൽ പാസ്സാക്കുകയും ചെയ്തു. സഭയിൽ അവതരാണാനുമതി തേടിയ 8 അടിയന്തരപ്രമേയ നോട്ടീസുകളിൽ ഒന്ന് സഭയിൽ ചർച്ച ചെയ്തു. വില വർദ്ധനവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയമാണ് ചർച്ചചെയ്തത്. 18 ശ്രദ്ധക്ഷണിക്കൽ

പ്രമേയങ്ങളും 177 സബ്മിഷനുകളും അവതരിപ്പിക്കപ്പെട്ടു. ഇവയ്ക്കെല്ലാം ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു.

300 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളിൽ 39 എണ്ണത്തിന് സഭയിൽ വാങ്മൂലം ഉത്തരം നല്കുകയും ഈ ഉത്തരങ്ങളിന്മേൽ 327 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മറുപടി പറയുകയും ചെയ്തു. 3547 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉന്നയിക്കപ്പെട്ടു. ഉന്നയിക്കപ്പെട്ട ഒരു അടിയന്തര ചോദ്യത്തിനും സഭയിൽ ഉത്തരം നൽകി. ഇങ്ങനെ ഒരു ദിവസം ശരാശരി 385 ചോദ്യങ്ങൾ വീതം അനുവദിച്ചിട്ടുണ്ട്. ഇത് ഒരു റെക്കോർഡാണ്.

5 അനൗദ്യോഗിക ബില്ലുകൾക്ക് അവതരണാനുമതി തേടുകയുണ്ടായി.

2 അനൗദ്യോഗിക പ്രമേയങ്ങളും സഭ ചർച്ച ചെയ്തു.

ചട്ടം 130 പ്രകാരവും (ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെപ്പറ്റി) ചട്ടം 49 പ്രകാരവും (പങ്കാളിത്ത പെൻഷനെപ്പറ്റി) രണ്ട് ചർച്ചകൾ നടന്നു ചട്ടം 49 പ്രകാരമുള്ള ചർച്ച 5 വർഷത്തിനുശേഷം അദ്യമായിട്ടായിരുന്നു.

സഭയിൽ പ്രസംഗത്തിന് സഹായകരമായ രീതിയിൽ ലാപ്ടോപ്പും ഐപാഡും ഉപയോഗിക്കാൻ അംഗങ്ങൾക്ക് അനുവാദം നൽകിയത് ഈ സമ്മേളനത്തിലാണ്. ഭാരതത്തിലെ നിയമനിർമ്മാണസഭകളിൽ അദ്യമായാണ് ഇങ്ങനെയൊരു തീരുമാനം എന്നത് നമുക്ക് അഭിമാനാർഹമാണ്. നിയമസഭാ പ്രവർത്തനങ്ങൾ പൂർണ്ണമായും വെബ്കാസ്റ്റ് ചെയ്യുന്നത് ഇപ്പോഴും തുടരുന്നു..

ഈ ആറാം സമ്മേളനം ഭംഗിയായി നടത്താൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാന്യരായ എന്റെ സഹപ്രവർത്തകരായ എം.എൽ.എ.മാർ, മാധ്യമപ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവർക്കും ചെയർ ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും നന്മനിറഞ്ഞ സ്നേഹോഷ്മളമായ ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുന്നു.

സഭ ഉച്ചയ്ക്ക് 12.30-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

ദേശീയഗാനം ആലപിക്കപ്പെട്ടു.

******